# ദ്യുതി

## (ഡിജിറ്റൽ സ്കൂൾ മാഗസിൻ)




## നാവാമുകുന്ദ

## തിരുനാവായ

# നാവാമുകുന്ദയുടെ സാരഥികൾ

സ്കൂൾമാനേജർ
പി പദ്മനാഭൻ നായർ



പ്രിൻസിപ്പാൾ
വിജി വിശ്വൻ



ഹെഡ്മിസ്ട്രസ്
സുഗതകുമാരി



ഡെപ്യൂട്ടി ഹെഡ്മിസ്ട്രസ്
കെ ശോഭ



പി ടി എ പ്രസിഡന്റ്
പി ഹംസ



സ്റ്റാഫ് സെക്രട്ടറി
പി എം പ്രവീൺകുമാർ



സ്കൂൾ ലീഡർ
മുഹമ്മദ് മുസ്താക്കീർ



# നാവാമുകുന്ദാ ഹയർ സെക്കൻഡറി സ്കൂൾ
# തിരുനാവായ






# പ്രാർത്ഥന

നിളയുടെ തീരത്തെ നിർമല ക്ഷേത്രമേ
നാവാമുകുന്ദ കലാലയമേ
ഇരുളകറ്റും നിറ ദീപം തെളിക്കുക
ആചന്ദ്രതാരം അമരപ്രഭാവമേ

നിളയുടെ തീരത്തെ നിർമല ക്ഷേത്രമേ
നാവാമുകുന്ദ കലാലയമേ
അക്ഷരം തേടി വരുന്നവർകൊക്കെയും
അഭയമാകട്ടെ നിൻ സോപാനങ്ങൾ
അറിവിൻെറ ദിവ്യമാം ദർശനവും
ഞങ്ങൾക്കലിവിൻെറ
ആനന്ദതീർത്ഥവും നൽകേണമേ
നിളയുടെ തീരത്തെ നിർമല ക്ഷേത്രമേ
നാവാമുകുന്ദ കലാലയമേ.......



# പ്രസാധക കുറിപ്പ്

"ആവശ്യം സൃഷ്ടിയുടെ മാതാവാണെ"ന്ന് ഒരിക്കൽ കൂടി ബോധ്യപ്പെടുന്നു. വിദ്യാഭ്യാസം തന്നെ ഒരു തരത്തിൽ ചില ബോധ്യപ്പെടലാണല്ലോ ! പാഠ്യപദ്ധതിയിൽ സർഗ്ഗാത്മകതയ്ക്കുള്ള പ്രാധാന്യം എടുത്തു പറയേണ്ടതില്ലെന്നറിയാം എങ്കിലും അനീതികളില്ലാത്ത, ചൂഷണവിമുക്തമായ ഒരു സമൂഹത്തെ കെട്ടിപ്പടുക്കുന്നതിന് ,സർഗ്ഗാത്മകതയുള്ള ഒരു തലമുറയുടെ ഇടപെടലുകൾ പറയാതെ വയ്യ ! വിശിഷ്യ ഈ നവോത്ഥാന കാലഘട്ടത്തിൽ, നാളെയുടെ വാഗ്ദാനങ്ങളായ കുട്ടികളുടെ ചില രചനകളാണ് "ദ്യുതി" യിൽ ഉൾപ്പെടുത്തിയിരിക്കുന്നത് .സമയത്തെ പഴിച്ചുകൊണ്ട് 'വലിയ 'അവകാശ വാദങ്ങളൊന്നുമില്ലാതെ , നമ്മുടെ കുട്ടികളുടെ 'ചെറിയ; സാഹിത്യ സൃഷ്ടികൾ ലിറ്റിൽ കൈറ്റ്സ് നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നു.കഥയും കവിതയും എല്ലാം ചെറുതാവുകയാണ് നമ്മളെപ്പോലെ ;ചെറുതുകളിലും സൗന്ദര്യമുണ്ടല്ലോ ! ഇതൊരു തുടക്കമായി കണ്ട് ഞങ്ങൾക്ക് ആവശ്യമായ വെള്ളവും വളവും നൽകി അനുഗ്രഹിക്കണം.

എഡിറ്റേഴ്സ് ഫോറം
(ലിറ്റിൽ കൈറ്റ്സ്)

എഡിറ്റേഴ്സ് ഫോറം

ശ്രീകുമാർ കെ പി (SITC)

മുഹമ്മദ് ബഷീർ ടി (KITE MASTER)

രേഖ കെ ആർ (KITE MISTRESS)

ലുബ്ന മോൾ 9C

ഹാഷിർ 9 F

ജോവാൻ ജെയ്സൺ 9 C

ഫർഹാൻ 9 M

റുമി 9C

# ഉള്ളടക്കം


| | | |
|---|---|---|
| 1 | പ്രാർത്ഥന | നാരായണൻ മാസ്റ്റർ |
| 2 | കളിമാത്രമായാൽ (കവിത) | ഫർഹാൻ |
| 3 | മഴ (കഥ) | ഫാത്തിമ റന |
| 4 | ശരണാലയം (കവിത) | ലുബ്ന മോൾ |
| 5 | സ്നേഹത്തിന്റെ വില (കഥ) | വരുൺ കൃഷ്ണ |
| 6 | അവൾ (കവിത) | മേഘ കെ പി |
| 7 | അഹങ്കാരം വരുത്തിയ വിന (കഥ) | ജോവാൻ ജെയ്സൺ |
| 8 | മരത്തിന് സ്തുതി (കവിത) | ഇബ്രാഹിം ഇർഫാൻ |
| 9 | മടിയൻ ചന്തു (കഥ) | മുഫീദ |
| 10 | കൊയ്ത്തു പാട്ട് (കവിത) | അഭിജിത്ത് |
| 11 | മാന്ത്രിക മത്സ്യം (കഥ) | റൂമി |
| 12 | വേദനയുടെ നിഴൽപ്പാടുകൾ (കഥ) | റൗള ഷിബിലിയാസ് |
| 13 | മയ്യഴിയിലെ മാലാഖ (കഥ) | ആയിഷ അദ്‌ല |
| 14 | കരിംഭൂതം (കഥ) | അഫീഫ |
| 15 | കണ്ണീരിൽ നനഞ്ഞ ഓർമ്മ (സ്മരണ) | വി രാജലക്ഷ്മി ടീച്ചർ |
| 16 | വീണ്ടും ചലിക്കുന്ന ചക്രം (അനുഭവക്കുറിപ്പ്) | രാജി |
| 17 | ഡിങ്കോൾഫി (കഥ) | ശ്രീകുമാർ മാസ്റ്റർ |
| 18 | കാക്കയുടെ ഡയറി (കവിത) | റിയ ക്രിസ്റ്റീന |
| 19 | മരണം സുഹൃത്താണ് (കഥ) | അജിത്ത് രവീന്ദ്രൻ |
| 20 | ഉണ്ണി (കവിത) | ഗോപിക |
| 21 | നിന്നോർമ്മ (കവിത) | അർച്ചന |
| 22 | നഷ്ടം (കവിത) | അംബിക ടീച്ചർ |
| 23 | നാടൻ പാട്ട് (കവിത) | ഫാസിൽ |
| 24 | കുട്ടിയെ പറത്തിയ പട്ടം (കഥ) | സായിമാസ്റ്റർ |
| 25 | ഹരിതകം (പ്രവർത്തന റിപ്പോർട്ട്) | പ്രകാശൻ മാസ്റ്റർ |
| 26 | എൻ സി സി (പ്രവർത്തന റിപ്പോർട്ട്) | ശ്രീകുമാർ മാസ്റ്റർ |

# കളിമാത്രമായാൽ

പുസ്തകമെല്ലാം വീട്ടിലെറിഞ്ഞ്

ആശകൾ  കൊണ്ട് ഉള്ളുനിറഞ്ഞു

കയ്യിൽ വലിയ വടികളുമായി

പാടത്താണിനി പൂരം

സിക്സും ഫോറും മാത്രമടിയാക്കാൻ

ആശകൾ ഉള്ളിൽ ഉണ്ടേലും

ഏതു നേരവും പാടത്തായാൽ

അച്ഛനടിക്കും സിക്സും ഫോറും



ഫർഹാൻ

**9 M**

# മഴ



പുറത്ത് നല്ല മഴ പോകാൻ മടിച്ച് കൊണ്ട് അലതല്ലുന്നത് നോക്കികൊണ്ടിരുന്നപ്പോൾ കണ്ണുനിറഞ്ഞു. എന്നുതൊട്ടാണ് ഈ മഴയെ വെറുക്കാൻ തുടങ്ങിയതെന്ന് എത്ര ചിന്തിച്ചിട്ടും ഓർമ്മ വന്നതേയില്ല....വീടിനു പിന്നിലെ പഞ്ചായത്ത് കിണറിൻെറ ഹൃദയത്തിലേക്ക് പെയ്യുന്ന  മഴക്കാണ് സൗന്ദര്യമെന്ന് കുട്ടിക്കാലത്ത് എപ്പഴോ കണ്ടെത്തിയിരുന്നു. കിണർ നിരത്തി പോലീസ് കോട്ടേഴ്സ് വന്നതിൽ പിന്നെ കോണക്രീറ്റ് ടെറസിൻെറ മുകളിൽ ആത്മഹത്യ ചെയ്യുന്ന മഴയോട് സഹതാപം മാത്രമായിരുന്നു ,പിന്നീട് എപ്പോഴാണ് പറയാതെ പോയ കാലത്തിൻെറ ശനി ദിശയിൽ മഴയെ വെറുത്തതെന്ന് എത്ര തന്നെ ഓർത്തിട്ടും കിട്ടാതായപ്പോൾ കണ്ണ് വീണ്ടും നിറഞ്ഞു....

അല്ലെങ്കിലും ഈയിടെയായി താൻ ചിരിക്കാനും മറന്നിരിക്കുകയാണല്ലോ. മകൻ പിന്നിൽ നിന്ന് വിളിച്ചപ്പോൾ അവൻെറ തലയിലത്രയുംമഴത്തുള്ളികളുടെ പ്രണയം കണ്ടു. ഒരു തോർത്തുമുണ്ടിൽ ഒപ്പിയില്ലെങ്കിൽ അവനു പനി പിടിക്കുമെന്ന് അറിയാമായിരുന്നിട്ടും വെറുതെ മുറ്റത്തേക്ക് നോക്കിക്കൊണ്ടിരുന്നു. ഒരു പൂച്ച എവിടെനിന്നോ ഓടിവന്ന് മഴ നനഞ്ഞ മുറ്റത്ത് ഒരുനിമിഷം നിന്നു. പിന്നെ മഴയിൽനിന്ന് ഓടിച്ചാടി പോലീസ് കോട്ടേഴ്സിൻെറ കവാടത്തിൽ പകച്ചുനിന്നു. മകനപ്പോൾ പൊട്ടിച്ചിരിച്ചുകൊണ്ട് കല്ലെടുത്തപ്പോൾ ഞാൻ വിലക്കി,"അരുത്" ആ പൂച്ച നനഞ്ഞുകുതിർന്ന് ജീവിതത്തിനുനേരെ കരഞ്ഞുകൊണ്ട് ചാടിയപ്പോൾ മകൻ അകത്തേക്ക് പോയി.

സ്കൂളിൽനിന്ന് വന്നതിൽപിന്നെ അത്രയും നേരം കണ്ട മഴ പനിച്ചുവിറച്ച് തൻെറ മുറ്റത്ത് ഒരു പാരസിറ്റാമോളിൻെറ ക്ഷീണത്തിൽ മയങ്ങുകയാണ് എന്നറിഞ്ഞ ടീച്ചർ അകത്തുപോയി ഒരു കമ്പിളിപ്പുതപ്പെടുത്ത് ദേഹത്ത് പുതച്ചു. അപ്പോൾ ആശ്വാസം തോന്നുന്നുണ്ടായിരുന്നു.റീഇവാല്യവേഷൻ ചെയ്യാനുള്ള പേപ്പറിൻെറ കെട്ടുകൾക്കുപുറത്ത് 10 സി ബയോളജി എന്നെഴുതിവെച്ചത് വായിച്ചപ്പോൾ മനസ്സ് നൊന്തു.ബയോളജി ചോദ്യപ്പേപ്പറിലെ ഒമ്പതാമത്തെ ചോദ്യത്തിന് ശരിയുത്തരം എഴുതിയത് കണ്ടപ്പോൾ ആ ബയോളജിടീച്ചർ അതിനുനേരെ തെറ്റിട്ടു. എത്ര കുറച്ചിട്ടും അർച്ചനയുടെ പേപ്പറിൽ എ പ്ലസ്സ് കണ്ടപ്പോൾ ഇവാല്യവേഷൻ പേപ്പറുകളെല്ലാം മഴയുള്ള മുറ്റത്തേക്ക് വലിച്ചെറിഞ്ഞുകൊണ്ട് പൊട്ടിക്കരഞ്ഞു.

മകൻ പേപ്പറുകളുടെ കൂട്ടത്തിൽ നിന്നും അർച്ചനയുടെ പേരെഴുതിയ പേപ്പർ മാത്രം തിരഞ്ഞെടുത്ത് അവളോട് ചോദിച്ചു , "എന്തിനാണമ്മേ ആ ചേച്ചി കണ്ണട വെക്കുന്നത്? "ടീച്ചറൊന്നു ഞെട്ടി. ഇന്നലെ വരെ ആ ചേച്ചിഎന്തിനാണ് മരിച്ചതെന്നായിരുന്നു അവന് അറിയേണ്ടിയിരുന്നത്. എത്ര പെട്ടെന്നാണ് ഈ ഒന്നാം ക്ലാസുകാരൻ തൻെറ മനസ്സിൻെറ ആവലാതികൾ വായിച്ചെടുത്തത്.

മുറ്റത്ത് മഴ പനിയിൽ നിന്നും മുക്തമായപ്പോൾ അവൻ നനഞ്ഞ കമ്പിളി വലിച്ച് അകത്തേക്കിട്ടു. മകൻ ഓടി വന്ന് അതിൽ കിടന്ന് ഉരുണ്ടപ്പോൾ അമ്മയും മകനും ഒരുപാട് നേരം പൊട്ടിച്ചിരിച്ചു. ആ ചെറിയ കുട്ടി പെട്ടെന്ന് എണീറ്റ് അർച്ചനയുടെ ഉത്തരക്കടലാസ് പിച്ചിക്കീറിക്കൊണ്ട് വലിച്ചെറിഞ്ഞു. അവൾക്കിട്ട മാർക്കും ഒമ്പതാമത്തെ ചോദ്യത്തിൻെറ തെറ്റുംമാത്രം ചുവന്ന മഷിയിൽപടർന്നു പിടിച്ചു. അർച്ചന അശോകിൻെറ മാർക്ക് രേഖപ്പെടുത്തേണ്ട കോളത്തിൽ കൈ വിറക്കാതെ ടീച്ചർ ചുവന്ന മഷികൊണ്ട് **permanent absent** എന്ന് എഴുതിവെച്ചു. ക്ലാസിൽ ഒരിക്കൽ പോലും മുടങ്ങാത്ത ആ പെൺകുട്ടിയുടെ കണ്ണുകൾ മുൻബെഞ്ചലിരുന്ന് വിറകൊള്ളുന്നത് ടീച്ചർ വ്യക്തമായി കണ്ടു.മകൻ അമ്മയുടെ കൈതണ്ടയിൽ തൊട്ടു കൊണ്ട് മെല്ലെ ചോദിച്ചു " അമ്മേ, അർച്ചന ചേച്ചിയുടെ കണ്ണടക്ക് നല്ല പവറുണ്ടായിരുന്നില്ലേ........ ?” ആ പെൺകുട്ടിയുടെ തുറിച്ച കണ്ണുകൾ കണ്ണടയില്ലാതെ ആദ്യം കണ്ട നിമിഷം ടീച്ചറുടെ മനസ്സ് തല്ലി നോവിച്ചു. അവിടെ ചത്തുകിടന്ന ത്രുപങ്ങൾ മറ്റാരും കാണാതിരിക്കാൻ അവരായിരുന്നില്ലേ ആദ്യം ആ മഷി കലങ്ങിയ മിഴികളെ വിരലുകൾ കൊണ്ട് അമർത്തി അടച്ചത്.....? അപ്പോൾ.മഴ ,തോർന്നിരുന്നു.........!

ഫാത്തിമ റന

**9 C**

# ശരണാലയം

കൈവിട്ടു കളയേണ്ടതല്ല ഈ കൈകൾ

കാരണം ഞാൻ ആദ്യം ചിരിച്ചത്

എന്റെ അമ്മയുടെ മുഖത്തേയ്ക്ക് നോക്കിയാണ്.

ഞാൻ  ആദ്യം നടക്കാൻ പഠിച്ചത്

എന്റെ അച്ചന്റെ കൈവിരലുകൾ പിടിച്ചാണ്.

അവർ കൊണ്ട വെയിലാണ്

ഇന്ന് എന്റെ തണൽ

അത് കൊണ്ട് തന്നെ എന്റെ

അച്ഛനും അമ്മയും ഇടം എന്റെ

ഹൃദയത്തിലാണ്....

ശരണാലയങ്ങളിലല്ല..



ലുബ്ന മോൾ കെ കെ

9C

# സ്നേഹത്തിന്റെ വില !

ഒരു ഗ്രാമത്തിൽ അപ്പുവും അനന്തുവും താമസിച്ചിരുന്നു.അവർ മാനസിക വൈകല്യം ഉണ്ടായിരുന്നു.മാനസിക വൈകല്യത്തെ വെല്ലുവിളിച്ച് അവർ പടിക്കാൻ പോയി.അവർ നല്ലവണ്ണം പഠിച്ചു.ക്ലാസിൽ ഒന്നാമരായി.ഇതെന്നും വിനുവിന് ഇഷ്ട്ടമായിരുന്നില്ല.അവൻ പഠനത്തിൽമേശമായിരുന്നു.അവർ ക്ലാസിൽ ഒന്നാമരായത് അവന് ഇഷ്ടമായില്ല.അവർ അവനെ പോലെയാകണമെന്നായിരുന്നു അവന്റെ വിചാരം.അങ്ങനെയിരിക്കെ ഒരു ദിവസം അപ്പുവും അന്തുവും സ്കൂൾ വിട്ട് പോകുമ്പോൾ വിനു അന്തുവിനെ വിളിച്ചു.അപ്പോൾ വിനു അപ്പുവിനോട് പറഞ്ഞു:നിന്നെ ഞാൻ വിളിച്ചില്ല.നീ പോയ്ക്കൊള്ളു.അവൻ പോയി.അപ്പു അന്തുവിനെയും കാത്തിരുന്നു.അപ്പോൾ അമ്മ വന്നു.അനന്തു എവിടെയാണെന്നു ചോദിച്ചു.അവൻ എല്ലാ കാര്യങ്ങളും അവൻ അമ്മയോട് പറഞ്ഞു.വിനു അനന്തുവിന് പല സാധനങ്ങളും വാങ്ങി കൊടുത്ത് അവനെ വശത്താക്കി.വൈകിട്ട് അവൻ വീട്ടിലെത്തി.അമ്മ അവനോട് ഇത്രയും നേരം എവിടെയായിരുന്നു എന്ന് ചോദിച്ചു.അവൻ ഒന്നും മിണ്ടാതെ പോയി.രാവിലെ അവൻ നേരത്തെ സ്കൂളിൽ പോയി.അപ്പു തനിയെയാണ് സ്കൂളിൽ പോയത്.സ്കൂളിൽ എത്തിയപ്പോൾ അനന്തു അപ്പുവിനെ എന്തൊക്കെ പറഞ്ഞ് കളിയാക്കി.അവൻ സങ്കടമായി.അവനെ കുറെ തല്ലി.അവൻ വീട്ടിൽ എത്തി അമ്മയോട് കാര്യങ്ങൾ പറഞ്ഞു.അനന്തു വീട്ടിൽ എത്തിയപ്പോൾ അമ്മ അവനെ പൊതിരെ തല്ലി.ഇതു കണ്ടപ്പോൾ അപ്പുവിന് സങ്കടമായി.അപ്പോൾ അമ്മു പറഞ്ഞു:അനന്തുവിനെ തല്ലണ്ടാണ്.അമ്മ പോയപ്പോൾ അപ്പു പറഞ്ഞു:

“മറ്റുള്ളവരുടെ കൂടെ കൂടി തെറ്റു ചെയ്യാത്തവരെ ചീത്ത പറയരുത്.നല്ല കൂട്ടുക്കാരോട് മാത്രം കൂട്ടുക്കാരോട് മാത്രം കൂട്ടു കൂടിയാൽ മതി.നമ്മുടെ സ്നേഹമാണ് ആർക്കും തകർക്കാൻ പറ്റില്ല.സ്നേഹമാണ് വലുത്.സ്നേഹത്തിന്റെ വില കളയാൻ ആർക്കും പറ്റില്ല.

വരുൺ കൃഷ്ണ

**8 F**



# അവൾ

എന്നിൽ ഞാൻ ആദ്യമായി കണ്ട

കണ്ടതിൽ എൻമനം നൊന്തു

എങ്കിലും നിൻ നിഷ്കളങ്കമാം പുഞ്ചിരി

എവിടെയോ തട്ടിതടഞ്ഞു.

മഴവർണമാകാൻ കൊതിക്കുന്ന പീലികൾ

മയിലിനെ ലാസ്യമണിയിച്ചു

മൃദുവായി മീട്ടുന്ന തന്ത്രികൾ എന്നെ-

യോർത്ത്  കണ്ണിമകൾ വെട്ടാതെ

എവിടെനിന്നറിയാതെ വന്ന

എരിയുന്ന നിറവിളക്കായ്

നീട്ടി ജ്വാലതൻ നേർതെളിച്ചെങ്ങൾ

നനയാത്ത ഓർമകൾ പോലെ.

ഒരു ചെറു പുഞ്ചിരിയെപ്പോലും

കാത്തുനില്ക്കാതെ നീ പോയി

വിടരാൻ കൊതിക്കുന്ന ദലപുഷ്പം

പോലെ അസ്തമയസൂര്യൻ തിളങ്ങി

മേഘ കെപി

9 D



# അഹങ്കാരം വരുത്തിവച്ച വിന



മഞ്ചാടി എന്ന ഗ്രാമത്തിൽ ടിങ്കു എന്ന് പേരുള്ള ഒരു പെൺകുട്ടി ഉണ്ടായിരുന്നു. അവൾക്ക് മനോഹരമായ ഒരു പൂന്തോട്ടം ഉണ്ട്. ആ പൂന്തോട്ടത്തിലെ പൂവ് ടോയ് പറിക്കും. ഇത് ഒരിക്കൽ ടിങ്കു കണ്ടു. ടിങ്കു അവളുടെ അടുത്തേയ്ക്ക് പോയി. എന്നിട്ടു പറഞ്ഞു ഇനി നീ പൂ പറിക്കരുത്. ടോയ് ഇത് കേട്ട മട്ടില്ലാതെ വീട്ടിലേക്ക് പോയി. എന്നിട്ട് ആ പൂവ് പിച്ചിപറിച്ചിട്ടു. ഇത് ടിങ്കു കണ്ടു. ടിങ്കുവിന് ആകെ വിഷമമായി. ഇതവൾ തേനീച്ചകളോട് പറഞ്ഞു. തേനീച്ചകൾ അവളെ സമാധാനിപ്പിച്ചു. പിറ്റെ ദിവസം തേനീച്ചകൾ എല്ലാം കൂടി പൂന്തോട്ടത്തിൽ പൂക്കളുടെ അടിയിൽ ഒളിച്ചിരുന്നു. അന്ന് ടോയ് പൂ പൊട്ടിക്കുമ്പോൾ തേനീച്ചകൾ വന്ന് ടോയിയെ കുത്തി. വേദന സഹിച്ച് അവൾ വീട്ടിലേക്ക് ഓടുന്ന സമയത്ത് ടിങ്കു ചോദിച്ചു എന്താ ടോയ് നീ കരഞ്ഞുകൊണ്ട് ഓടുന്നത്? അപ്പോൾ ടോയ് പറഞ്ഞു നിൻെറ പൂന്തോട്ടത്തിലെ തേനീച്ചകൾ എന്നെ കുത്തി എന്ന് പറഞ്ഞുകൊണ്ട് ടോയ് ഓടി. പിന്നെ ടോയ് പൂ പറിക്കാൻ വന്നില്ല.ടികു ടോയിയുടെ വീട്ടിൽ പോയ് . ടോയിയെ കണ്ടു. നിൻെറ അഹങ്കാരമാണ് ഇതിന് കാരണം. നീ ഒരു പൂന്തോട്ടം നിർമ്മിക്ക് ,നിനക്ക ഒരിക്കലും അതിലെ പൂ പൊട്ടിക്കാൻ മനസ്സുവരില്ല. ഇത് കേട്ട ഉടനെത്തന്നെ ടോയ് പൂന്തോട്ടം നിർമ്മിക്കാൻ പോയി. ഇത് കണ്ട് ടിങ്കുവിന് സന്തോഷമായി. അവൾ തേനീച്ചകളോട് നന്ദി പറഞ്ഞു. അവൾ അവർക്ക് വേണ്ടുവോളം തേൻ കൊടുത്തു. പിന്നീട് ടോയ്യും ടിങ്കുവും കൂട്ടുകാരായി.


ജോവൻ ജയ്സൺ

**9 C**

# മരത്തിനു സ്തുതി

മഴയായി കുളിരായി പശിമാറ്റും പഴമായി

ഉയിരിനു മരുന്നായിപ്പണിക്കരുത്തായ്

കുഞ്ഞിക്കയ്യിൽ കളിപ്പാട്ടച്ചിരിയായി വാർദ്ധ

ക്യത്തിൽ ഖിന്നിതയ്ക്കു താങ്ങി നിൽക്കാൻ

ഊന്നു വടിയായി ഒരിക്കലും പിരിയാത്ത

കൂട്ടുകാരായി ഞങ്ങൾക്കനർഘ

കാരുണ്യ വർഷം ചൊരിയുവോനേ

വിരിഞ്ഞ മാറിലായ് ഞങ്ങൾ തറയ്ക്കുന്ന

മഴപ്പാട്ടുമണിഞ്ഞു നിൽക്കുമാ-

നിനക്കായിരം സ്തുതി


അജിത്ത് രവീന്ദ്രൻ



# മടിയൻ ചന്തു

ഒരിടത്ത് ചന്തു എന്ന് പേരായ ഒരു കുഴിമടിയൻ ഉണ്ടായിരുന്നു. അവൻെറ അച്ഛനമ്മമാർ കൃഷിക്കാരായിരുന്നു. മാതാപിതാക്കൾ അധ്വാനിച്ച് ഉണ്ടാക്കുന്നതെല്ലാം തിന്നുമുടിക്കാനല്ലാതെ വേറെ ഒരു പണിയും ചന്തുവിന് അറിയില്ലായിരുന്നു. അങ്ങനെ കാലം കുറേ കഴിഞ്ഞു.അച്ഛനു വയ്യാതായി. അച്ഛൻ അവനെ അടുത്തേക്ക് വിളിച്ചു പറഞ്ഞു. മോനേ, എനിക്ക് തീരെ വയ്യാതായി. നിനക്ക് ഭക്ഷണം വേണെങ്കിൽ നീ തന്നെ കൊണ്ടുവരണം.

ഇത് കേട്ട് മടിയനായ ചന്തുവിന് ഒരു ഉപായം തോന്നി. ബന്ധുക്കളുടെ അടുത്തുനിന്നും പണം വാങ്ങുക. അതിനവൻ അമ്മാവൻെറ അടുത്തേക്ക് പോയി. അമ്മാവൻ ചോദിച്ചു മോനേ , നീ ഭക്ഷണം കഴിച്ചോ? ഇല്ല, എനിക്ക് ഭക്ഷണം വേണ്ട , എനിക്ക് പണം മതി. അവൻ മറുപടി പറഞ്ഞു. അദ്ദേഹം അവന് കുറച്ച് പണം നല്കി . ഇതറിഞ്ഞ് അച്ഛൻ പറഞ്ഞു. ആ പണം കിണറ്റിലേക്കിട് അവൻ ചോദിച്ചു എന്തിന് ? കിണറല്ലേ നമുക്ക് വെള്ളം തരുന്നത് ? അവൻ അതുപോലെ ചെയ്തു. പിന്നീട് അവൻ എല്ലാ ബന്ധുക്കളുടെ അടുത്തുനിന്നും പണം വാങ്ങി. ഇനി ആരുടെ അടുത്തുനിന്നും പണം വാങ്ങാൻ കഴിയാതായി. അങ്ങനെ ഒരു ദിവസം പട്ടിണി കിടന്നു. രണ്ടാം ദിവസം അവന് വിശപ്പ് സഹിക്കാൻ കഴിഞ്ഞില്ല. അവൻ പാടത്ത് പണിയെടുക്കാൻ പോയി. അപ്പോൾ അവന് പണം ലഭിച്ചു. സന്തോഷത്തോടെ അവൻ അച്ഛൻെറ അടുത്തേക്ക് പോയി. പണം കാണിച്ചു. പതിവുപോലെ അച്ഛനത് കിണറ്റിലിടാൻ പറഞ്ഞു. ഇത് ഞാൻ അധ്വാനിച്ച് ഉണ്ടാക്കിയതാണ്. അവൻെറ കണ്ണ് നിറഞ്ഞു. അപ്പോൾ അച്ഛൻ ചോദിച്ചു. അപ്പോൾ നീ ഇത്രയും ദിവസം ഇട്ട പണമോ? ചന്തു നാണിച്ചു തലതാഴ്ത്തി. എന്നിട്ട് കണ്ണീരോടെ അച്ഛനോട് പറഞ്ഞു. എൻെറ അലസതയാണ് ഇതിനു കാരണം. ഇനി മുതൽ ആരോടും ഞാൻ പണം ചോദിക്കില്ല, ഞാൻ അധ്വാനിച്ച് ജീവിക്കാം. അങ്ങനെ ചന്തുവിൻെറ അലസത മാറി. പിന്നീട് അവൻ നല്ലൊരു കൃഷിക്കാരനായി മാറി



മുഹീദ സി കെ

9 C

# കൊയ്ത്തുപാട്ട്

തെക്കു തെക്കു ഞാൻ പോയി നിന്ന കാലം

അവിടെയടുത്തൊരു പള്ളി കണ്ടു

പള്ളിക്കടുത്തൊരു മേടകണ്ടു

മേടക്കകത്തൊരു ചെപ്പിരുന്നു

ചെപ്പിനകത്തൊരു മുത്തിരുന്നു

മുത്തിനകത്തൊരു പെണ്ണിരുന്നു

പെണ്ണിന്റെ സ്വഭാവം ചൊല്ലന്റമ്മേ

തലയൊരു  ശ്രീരാമൻ വില്ല പോലെ

മൂക്കതു മുല്ലയരിമ്പൂ പോലെ

പല്ലൊരു കുമ്പളരി കണക്കേ

നെഞ്ചൊരു മാറാവിത്തിണ്ണ പോലെ

കൈ രണ്ടും വാഴക്കുമ്പു പോലെ

കാൽ രണ്ടും കാട്ടിൽ കടഞ്ഞ പോലെ        അഭിജിത്ത്



## മാന്ത്രിക മത്സ്യം



ഒരു കാട്ടിൽ ഒരു മുത്തശ്ശി ഉണ്ടായിരുന്നു. അവർക്ക് രണ്ട് പേരക്കുട്ടികൾ ഉണ്ടായിരുന്നു. മിന്നുവും അപ്പുവും. ഒരിക്കൽ അവർ കളിച്ചുനടക്കുമ്പോൾ ഒരു കിണറ് കണ്ടു. ആ കിണറിലേക്ക് നോക്കിയപ്പോൾ ഒരു സാധനം മിന്നുന്നത് കണ്ടു. അവർ കിണറിലേക്ക് ഇറങ്ങി, അതെടുത്തു. മുത്തശ്ശി അവരെ വിളിക്കുന്നുണ്ടായിരുന്നു. അവർ അവിടേക്ക് പോയി. "എന്താ മുത്തശ്ശി വിളിച്ചത്?" നേരം വൈകി. ഇനി മതി കളിച്ചത്. അവർ റൂമിൽ പോയി മിന്നുന്ന സാധനത്തെ നോക്കി. അവർ വിചാരിച്ചു. അതൊരു സ്വർണ്ണമീനായിരുന്നെങ്കിൽ എന്തുരസമായേനെ . അപ്പോൾ അത് ഒരു സ്വർണ്ണ മീനായി . അവർക്കപ്പോൾ മനസ്സിലായി അതൊരു മാന്ത്രിക സാധനമാണെന്ന് . അവർ അതുകൊണ്ട് പാവപ്പെട്ടവർക്ക് വേണ്ടതെല്ലാം നല്കി. അപ്പോൾ അവർക്ക് മനസ്സിലായി അവരുടെ സത്യസന്ധത മനസ്സിലാക്കി പ്രകൃതി കൊടുത്ത സമ്മാനമാണ് ഇതെന്ന്.

ഗുണപാഠം: നല്ലതു ചെയ്താൽ നമുക്കും ഗുണമുണ്ടാകും

റൂമി

9 C

# വേദനയുടെ നിഴൽപ്പാടുകൾ

വേനലവധിക്ക് ഇനിയും രണ്ടു നാൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. സൂര്യന്റെ വെയിൽ ഏറ്റ് വാടിയ ഇലകളെല്ലാം ഒരു മഴയ്ക്കുവേണ്ടി കൊതിച്ചിരുന്നതായി എനിക്കുതോന്നി. ഈ ഇലകളുടെ നിശബ്ദതയിൽ എനിക്കോർമ്മവന്നത് അമ്മയേയാണ്. ആ ഒറ്റ മുറി വീടിന്റെ തേക്കാത്ത ചുമരുകളുടെ മുഷിഞ്ഞ ഗന്ധമേറ്റ് രണ്ടു ജീവനുകളെ പോറ്റുന്നത് അമ്മയുടെ വിയർപ്പുകൊണ്ടാണ്. അമ്മയുടെ സാഹചര്യങ്ങളോട് ഒത്തുപോകാൻ ഞാൻ ശ്രമിച്ചിരുന്നെങ്കിലും എന്റെ ദുർബലത അതിന് വിലങ്ങ്തടിയായി മാറി. അമ്മയുടെ പരുപരുത്ത ശബ്ദം രാമുവിന്റെ ചെവിയിൽ പ്രതിധ്വനിച്ചപ്പോഴാണ് അവൻ അവന്റെ ഗാഢമായ ചിന്തയിൽനിന്നു ഉണർന്നത്.

“ഒരു തുള്ളി കട്ടൻ കാപ്പി ഉണ്ടാക്കാൻപോലും ചായപൊടില്ല്യാ.ഇയ്യ് കുറച്ച് ചായപൊടി ആ നാണ്വാരെടെ കടേപ്പോയ് വേടിച്ച് കൊട്ന്നാ. കാശ് പിന്നെ തരാന്ന് പറാ"അമ്മയുടെ ആജ്ഞ്യക്കു മുന്നിൽ അവന്റെ ചിന്തകൾ ഒന്നുമല്ലാതായിപ്പോയി. അവന്റെ കൊച്ചുബാല്യം അവനു ആഘോഷിക്കാൻ ഭാഗ്യമില്ല. അമ്മ കഷ്ടപ്പെട്ടാണ് ഒരു നേരത്തെ ഭക്ഷണം ഒപ്പിക്കുന്നത്.രാമുവിന് ഇതൊന്നും ഒരിക്കലും സഹിക്കാൻ കഴിഞ്ഞിരുന്നില്ല . മറ്റുള്ളവരെപ്പോലെ ഒരു സുഖസൗകര്യങ്ങളും അവനില്ല. ഇതെല്ലാം മനസ്സിൽ അടക്കിപ്പിടിച്ച് അമ്മയുടെ വാക്കുകൾക്ക് കാതോർക്കാതെ എവിടേക്കോ അവൻ ഓടിപ്പോയി.

റൗള ഷിബിലിയാസ്

9D



# മയ്യഴിയിലെ മാലാഖ



തങ്ങൾ ആദരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന മാതാവിനെ കുറിച്ച് മാഹിക്കാർ പറയുന്നത് ഇങ്ങനെയാണ്.

പണ്ട് പണ്ട് കണ്ണൂരിലെ മഴഴി എന്ന സ്ഥലത്ത് മാറാ രോഗം പിടിപ്പെട്ടു. അന്നവിടെ മീൻ പിടിക്കാൻ പോയ മുക്കുവന്മാരിൽ ഒരാൾക്ക് കുപ്പിയിൽ അടച്ച ഒരു മാതാവിന്റെ മെഴുക് രൂപം കിട്ടി. അത് അയാൾ ഒരു പ്രവാചകന്റെ കയ്യിൽ കൊണ്ട് പോയി കൊടുത്തു. അന്ന് തന്നെ പ്രവാചകൻ പറഞ്ഞ സ്ഥലത്ത് അത് കൊണ്ട് പോയി സ്ഥാപിച്ചു. ഇങ്ങനെ അവിടത്തെ രോഗം മാറി.

ഇത് കൊണ്ട് തന്നെ മാഹിക്കാർ ഇപ്പോഴും ആ രോഗത്തെ രക്ഷിച്ച മാതാവിനെ വാഴ്ത്തുന്നു. എല്ലാ കൊല്ലവും ഒക്ടോബർ 9,10 തിയതികളിൽ ഇവിടെ വലിയ ഒരു പെരുന്നാൾ ഉണ്ടാകും. 9ാം തിയതി അവിടുത്തെ ഓരോ ചെറിയ പള്ളികളിലും പ്രാർത്തനയും ആരാധനയും ഉണ്ടാകും. 10ാം തിയതി എല്ലാവരും ഒത്തുചേർന്ന് വലിയ പള്ളിയിലേക്ക് പോകും. കൂടെ ചെണ്ടമേളവും മറ്റും ഉണ്ടാകും. പള്ളിയിൽ യൂത്ത് ഫെല്ലോഷിപ്പും,അൽമനായ സംഘടനയും ഉണ്ടാകും. ഇവരെ വലിയ പള്ളിയിലേക്ക് സ്വാഗതം ചെയ്യൽ ഉണ്ടാകും. ചെറു പള്ളിയിൽ നിന്ന് കൊണ്ട് വരുന്ന കാണിക്ക,തിരു സന്നിദ്ധിയിൽ വച്ച് നമസ്കരിക്കുന്നു.

പിന്നെ പൊതു ശുശ്രൂഷകൻ വന്ന് പ്രാർത്ഥന കഴിച്ച് പള്ളി പെരുന്നാളിന് തുടക്കം കുറിക്കുന്നു. പിന്നെ അവിടെ ആഘോഷങ്ങളും കലാപരിപാടികലും തുടങ്ങും.

ആയിഷ അദ്ല

9 C

# കരിംഭൂതം

വള്ളുവൻ നാട് എന്ന നാടിനെ കുറിച്ച് കേട്ടിട്ടുണ്ടോ?അതിഭയങ്കരമായ കൊടിയേറ്റമാണ് അവിടെ നടക്കുന്നത്.

വെളിച്ചപ്പാട് ഉയരുന്ന ആ നാട്ടിലേക്ക് അന്യനാടുകളിൽ നിന്നും ആളുകൾ വന്നിരുന്നു.മരങ്ങളും കുളങ്ങളും പുഴകളും ;ഹരിതഭംഗിയാൽ നിറഞ്ഞതായിരുന്നു ആ നാട്. അവിടത്തെ ഉത്സവത്തിന് ഒരു പ്രത്യേകതയുണ്ട്, കരിഭൂതങ്ങളെ എഴുന്നേൽപിക്കുകയില്ല.അതിന് ഒരു ഐതിഹ്യമുണ്ട്.കേൾക്കണോ ആ ഐതിഹ്യം!

പണ്ട് പണ്ട് വള്ളുവൻ നാട്ടിലൊരു പെൺകുട്ടിയുണ്ടായിരുന്നു. മിനി എന്നായിരുന്നു

അവളുടെ പേര്. വീട്ടുകാർക്കും നാട്ടുകാർക്കും അദ്ധ്യാപകർക്കുമെല്ലാം അവളെ നല്ല ഇഷ്ടമാണ്. നല്ല വണ്ണം പഠിക്കും,അമ്മയെ അനുസരിക്കും,നാട്ടുകാർക്ക് ഉപകാരങ്ങൾ ചെയ്തു കൊടുക്കും.... ഒന്നിനേയും അവൾക്ക് പേടിയുണ്ടായിരുന്നില്ല. അങ്ങനെയിരിക്കെയാണ് വള്ളുവനാട്ടിൽ ഉത്സവം വന്നത്. മിനി അപ്പൂപ്പനോടൊപ്പം അമ്പലത്തിൽ എത്തി. കൊടിയേറ്റം കണ്ടു. വെളിച്ചപ്പാട്

പോരു കാവിലേക്ക് പോകാൻ ഒരുങ്ങുമ്പോൾ, കരിങ്ങോലിയിലെ വരവ് വരുന്നത് കണ്ടു. അതിൽ കരിഭൂതം ഉണ്ടായിരുന്നു. ഒന്നിനേയും പേടിയില്ലാത്ത മിനി

ആ ഭൂതത്തെ കണ്ടപ്പോൾ ഭയന്നു. അവൾ ഓടി വള്ളുകുന്നിൻമുകളിലെത്തി. അവിടെ ഉണ്ടായിരുന്ന

ഗുഹയിൽകയറി അവൾ ഒളിച്ചു. ആ നാട്ടിൽ മറ്റൊരു

പ്രത്യേകതയുണ്ട്,വെളിച്ചപ്പാട് ഉയരാൻ സമയം തെറ്റിയാൽ

മല ഇടിഞ്ഞ് വീഴും. മിനുവിനെ കാണാഞ്ഞതിൽ സമയം തെറ്റി. അങ്ങനെ ആ മല ഇടിഞ്ഞു വീണു.അരു എന്ന ആൾ

മിനു ആ ഗുഹയിലേക്ക് പോകുന്നത് കണ്ടിരുന്നു. അവൻ അത് അപ്പൂപ്പനോട് പറഞ്ഞു. അവർ തിരച്ചിൽ നടത്തി. പക്ഷേ മിനിയുടെ മൃതദേഹം പോലും കിട്ടിയില്ല. ഒന്നിനേയും പേടിയില്ലാത്ത അവൾ ഭൂതത്തെ കണ്ട് പേടിച്ചത് എന്താണ് എന്നായിരുന്നു ആ നാട്ടിലെ പ്രധാന സംസാര വിഷയം. എന്തായാലും പിന്നീട് കരിഭൂതം ആ നാട്ടിലേക്ക് വന്നിട്ടില്ല,വെളിച്ചപ്പാട് ഉയരാൻ സമയം വൈകിയിട്ടുമില്ല.

ഉത്സവദിവസം അവളെയും കാത്ത് മലയടിയിൽ പല പ്രദേശങ്ങളിൽ നിന്ന് വരവ് വരുന്ന ആളുകൾ ഇന്നും അവളെയും കാത്ത് നിൽക്കാറുണ്ട്.

അഫീഫ

9 C

# " കണ്ണീരിൽ നനഞ്ഞ ഓർമ്മ "

സ്മരണ



ഈ വിദ്യാലയത്തിൽ ഞാൻ മലയാള അധ്യാപികയായി എത്തിയത് 1998 ജൂണ് 1 നാണ്. എൻെറ ബാല്ല്യകാല സ്മരണകളിൽ ഞാൻ ഏറ്റവും ഓർമ്മയിൽ സൂക്ഷിക്കുന്നത് മലയാളഅധ്യാപകൻെറ ചോദ്യമാണ്. ''ലക്ഷ്മിക്ക് ആരാകാനാണ് ഇഷ്ടം?'' ഒരു താമസവും ഉണ്ടായില്ല ഉത്തരത്തിന്. ''എനിക്ക് നല്ലൊരു മലയാളം അധ്യാപികയാവണം.''- അതിന് എൻെറ ഗുരുനാഥൻ എനിക്ക് സമ്മാനിച്ചത് ''രാച്ചിയമ്മ'' എന്ന കൃതിയാണ്. എൻെറ ജീവിതം സഫലമായത് നവാമുകുന്ദ ഹൈസ്കൂളിൽ മലയാളം അധ്യാപികയായാണ് ജോലികിട്ടിയത്. അതുകൊണ്ടാണെന്ന് ഞാനിന്നും അഭിമാനത്തോടെ പറയുന്നു. കുറച്ച് നാൾ കഴിഞ്ഞപ്പോൾ ഞാൻ ഒരാളെ ഒരധ്യാപികയെ പരിചയപ്പെട്ടു. പേര് രമ എന്നാണ്. നന്നായി വർത്തമാനം പറയും.കളിയും ചിരിയും. ചിലപ്പോൾ പൊട്ടിച്ചിരിക്കും. സൗഹൃദം കൂടുതൽ അടുത്തറിയാനൊന്നും ഞങ്ങൾ ശ്രമിച്ചില്ല. സന്തോഷമായി ഞങ്ങൾ ഇവിടെ കഴിഞ്ഞു. എവിടെ കണ്ടാലും 'ലച്ച' എന്ന് നീട്ടി വിളിക്കും. ഇതിനിടയിലാണ് എൻെറ സഹോദരൻെറ വേർപാട്. അത് എന്നെ വല്ലാതെ മനോവിഷമത്തിലാക്കി. എട്ടാംതരം ഡി ക്ലാസ്സിലേക്ക് എന്നെ കാണാൻ രമ വന്നു. നല്ല റോസ് കളർ സാരിയാണ് ഉടുത്തിരിക്കുന്നത്. എന്നെ ആശ്വസിപ്പിക്കാൻ വന്ന ആളെ ഞാൻ സങ്കടപ്പെടുത്തി എന്ന് എനിക്ക് തോന്നി. കാരണം രമയുടെ വരവ് കുട്ടികൾക്ക് മുന്നിൽവെച്ച് എന്നെ കരയിപ്പിക്കാനാണെന്ന് ഞാൻ കരുതി. രമയെ കരയിപ്പിച്ച വാക്ക് എൻെറ സഹോദരൻ എപ്പോഴും പറയാറുള്ളതാണ്. ഞാനത് രമയോട് പറഞ്ഞപ്പോഴേക്കും രമ നിറക്കണ്ണുകളുമായി എന്നെ പുറം തലോടി സ്ഥലം വിട്ടു. ഇന്നും ആ വാക്ക് ഞാനോർക്കുന്നു. ''ജീവിതമെന്നാൽ രണ്ട് കാറിൻെറ ഇടയിലുള്ള കളിയല്ലേ''. ഈ വാക്ക് രമയെ വല്ലാതെ വേദനിപ്പിച്ചിരിക്കും. യാതൊരു ദുശ്ശീലവുമില്ലാത്ത ചുറുചുറുക്കുള്ള ഏതു കാര്യവും ചിട്ടയായി ചെയ്തിരുന്ന രമ പഠനകാര്യങ്ങളിൽ ആയിടെ നല്ല ധൃതി കാണിക്കുകയും കൃത്യ സമയത്ത് ക്ലാസ്സുകൾ എടുത്തുതീർക്കാൻ തിടുക്കം കാണിക്കുകയും ചെയ്തിരുന്നു. അതിനിടയിൽ എന്നെ കണ്ടപ്പോൾ 'ഞാനൊരു ദിവസം തൃശ്ശൂരിലേക്ക് വരുന്നുണ്ടെന്നും അപ്പോൾ വീട്ടിലേക്ക് വരാമെന്നും പറഞ്ഞു. പിന്നീട് ഞാനൊരു ദിവസം ഹോസ്പിറ്റലിൽ പോയപ്പോൾ എൻെറ ഒരു സുഹൃത്ത്

പറഞ്ഞു.നിൻെറ സ്കൂളിലെ ഒരധ്യാപിക രണ്ടുദിവസമായി ഇവിടെ അഡ്മിറ്റാണ്. ''-പോയിക്കാണാം. സുഹൃത്തിൻെറകൂടെ ഞാൻ പോയി. പക്ഷെ രമയെ കാണാൻ കഴിഞ്ഞില്ല. ഞാൻ സുഹൃത്തിനോട് ചോദിച്ചപ്പോളാണ് രമയുടെ പേര് പറഞ്ഞത്. ഞാൻ അവിടെ നിന്നും എൻെറ സ്കൂളിലെത്തി. രണ്ട് ദിവസം കഴിഞ്ഞപ്പോഴാണ് രമക്ക് തീരെ വയ്യ എന്ന വിവരം മറ്റാരോ പറഞ്ഞറിയുന്നത്. വല്ലാത്ത അവസ്ഥയിലായിപ്പോയി ഞാൻ. ഞാൻ എന്നെ തന്നെ ശപിച്ച നിമിഷമായിരുന്നു അത്. ഏതാനും ദിവസങ്ങൾക്കുള്ളിൽ അത് സംഭവിച്ചു. രമ യാത്രയായി. ഇനി രമയെ കാണാൻ എനിക്കാവില്ലല്ലോ എന്ന് പറഞ്ഞ് ഞാൻ വിങ്ങിപ്പൊട്ടി. ആ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാൻ ഏറെ സമയം എടുത്തു.പ്രിയപ്പെട്ടവരുടെ വേർപാട് ഒരുപാട് അനുഭവിച്ചതുകൊണ്ടായിരിക്കും എനിക്കിന്നും രമയെക്കുറിച്ച് കണ്ണീരോടെ മാത്രമേ ഓർക്കാൻ സാധിക്കൂ. രമയുടെ വീട്ടിലേക്ക് സ്കൂളിൽനിന്ന് എല്ലാവരും പോയി. കൂടെ ഞാനും.അവൾക്ക് ഒരുപാട് സ്വപ്നങ്ങൾ ഉണ്ടായിരുന്നു. അതൊന്നും ഞാനിവിടെ എഴുതുന്നില്ല. ഭസ്മം പൂശി വെള്ള പുതപ്പിച്ച് കിടത്തിയ ആ ജീവനില്ലാത്ത രമയെ കണ്ടപ്പോൾ അതുവരെ മൂടിവെച്ച എല്ലാ കണ്ണുനീരും തോരാമഴയായി പെയ്തിറങ്ങി. ജെസ്സിടീച്ചർ എൻെറ അടുത്തിരുന്ന് സമാധാനിപ്പിച്ചു. വീടെന്ന സ്വപ്നം യാഥാർത്ഥ്യമാകും മുമ്പേ എൻെറ കൂട്ടുകാരി നീ എന്തിനാണ് ഞങ്ങളെ വിട്ടു പോയത്? വരാമെന്നു പറഞ്ഞുപോയ നിന്നെ ഇനി എന്നാണ് ...... സുഹൃത്തേ , പ്രിയസുഹൃത്തേ,ഏതു ജന്മാന്തര സുകൃതത്തിന് വേണ്ടിയാണ് ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിക്കേണ്ടത്...... ഇനിയും ഞാനെൻെറ പേനക്ക് വിശ്രമം കൊടുത്തില്ലെങ്കിൽ ഈ കടലാസുകഷ്ണം കണ്ണീരുവീണ് കുതിർന്ന് പോകും.മരിക്കാത്ത ഓർമ്മകളുമായി......

'' കൊടുക്കും തോറുമേറിടും
മേന്മ തന്നെ മരിച്ചാലും
വിദ്യതന്നെ മഹാധനം''

എന്നുമാത്രം ഉപദേശിച്ചുകൊണ്ട് പൂർവ്വവിദ്യാർത്ഥികൾക്കും എൻെറ സ്കൂളിലെ മറ്റുള്ളവർക്കും പ്രിയപ്പെട്ട കുട്ടികൾക്കും വേണ്ടി ഞാനെൻെറ നനവുള്ള ഓർമ്മ സമർപ്പിക്കുന്നു.

രാജലക്ഷ്മി ടീച്ചർ

# വീണ്ടും ചലിക്കുന്ന ചക്രം

ഞാനിപ്പോൾ നമ്മുടെ ക്ലാസിലിരിക്കുകയാണ്.ഇവിടെ ഞാൻ മാത്രം.കിളികളൊഴിഞ്ഞ കൂട്ടിൽ തനിയെ നിങ്ങൾ പൊഴിച്ചിട്ട തൂവലുകൾ പോലെ ചുറ്റും ചിതറിയ കടലാസു കഷ്ണങ്ങൾ,ഇന്നലെ നിങ്ങൾ പോയത് പെട്ടെന്നായിരുന്നുവല്ലോ; ഒന്നു യാത്രപറയാൻ പോലും കഴിഞ്ഞില്ല;ഉച്ചയ്ക്ക് പെട്ടെന്ന് ക്ലാസ് വിടുമെന്നും കരുതിയില്ല.കുറച്ചുസമയം കൂടി കഴിഞ്ഞുപോയാൽ മതി എന്നു പറയാനും തോന്നിയില്ല.അത് നിങ്ങളുടെ സങ്കടം കാണേണ്ടിവരുമല്ലോ എന്നു കരുതിയാണ്.ഇന്ന് രാവിലെ ഉണർന്നതുതന്നെ നിങ്ങളെ ഓർത്തുകൊണ്ടാണ് ;ഓരോ ജോലിയിൽ മുഴുകുമ്പോഴും, മനസ്സിന്റെ ഭാരം കൂടിവന്നു .ബസ്സിൽ ഇരിക്കുമ്പോൾ പലപ്പോഴും നിയന്ത്രിക്കാനായില്ല. സ്കൂളിലെത്തിയപ്പോഴെ രജിസ്റ്ററെടുത്ത് വെറുതെ ഇവിടെ കയറിയിരുന്നു .നിങ്ങളുടെ ആരവവും ബഹളവും ഇല്ലാത്ത ക്ലാസ് ;എന്നാലും ഞാൻ കാണുന്നു ,ആ മുഖങ്ങൾ സന്തോഷവും ആകാംക്ഷയും നിറഞ്ഞ ആ കണ്ണുകൾ.നിങ്ങൾ എനിക്ക് മക്കൾ തന്നെയായിരുന്നു ക്ലാസിൽ മാത്രമല്ല ഹൃദയത്തിലും .

മൂന്നു വർഷമായി നമ്മൾ ഒരുമിച്ചായിരുന്നു; സന്തോഷവും സന്താപവും കളിചിരിവർത്തമാനങ്ങളും ഒരുമിച്ച് പങ്കുവച്ചു .നിങ്ങളുടെ വളർച്ച അമ്മയെപ്പോലെ നോക്കി കണ്ടു ;വികൃതി കാണിച്ചപ്പോൾ ശാസിച്ചു ;ഇടയ്ക്ക് വടിയും എടുക്കേണ്ടിവന്നിട്ടുണ്ട് ,അന്ന് നിങ്ങളുടെ കൈ വേദനിച്ചതിനെക്കാൾ എത്ര യോ മടങ്ങ് എന്റെ മനസ്സ് വേദനിച്ചുവെന്ന് നിങ്ങൾ അറിഞ്ഞുവോ ?ഒന്നുരണ്ടുപേർ വഴിതെറ്റിപ്പോയോ എന്ന് പേടിച്ചിട്ടുണ്ട് , അന്നത്തെ ശാസനയുടെ അളവ് കൂടിപ്പോയോ ?നിങ്ങൾ തന്ന പച്ചമാങ്ങ ഉപ്പും മുളകുപൊടിയും കൂട്ടി തിന്നപ്പോൾ എനിക്ക് മധുരമാണ് അനുഭവപ്പെട്ടത്.സ്നേഹത്തിന്റെ തേൻ കിനിയും മധുരം.

എനിക്കറിയാം നിങ്ങൾ നല്ല കുട്ടികളാണ് ഒരു സമയം കഴിഞ്ഞാൽ നിങ്ങൾക്ക് ഇവിടുന്ന് പോയേ മതിയാവൂ ;ഭാവിയുടെ വാതായനങ്ങൾ നിങ്ങൾക്കായി കാലം കാത്തുവച്ചിരിക്കുന്നു,ഏതു വഴിയെ പ്രവേശിച്ചാലും നന്മ മാത്രം തെരഞ്ഞെടുക്കാൻ നിങ്ങൾക്ക് കഴിയട്ടെ ,പ്രശ്നങ്ങളിലും പ്രതിസന്ധികളിലും പതറാതെ ഉറച്ച മുന്നോട്ട് പോകാൻ ഈശ്വരൻ നിങ്ങളെ അനുഗ്രഹിക്കട്ടെ.

അടുത്ത വർഷം പുതിയ കുട്ടികൾ വരും; അവരുടെ മുഖങ്ങളിലും ഈ അമ്മ നിങ്ങളെ കാണും, അവരുടെ ശബ്ദങ്ങൾ നിങ്ങളുടേതാകും; വിശാലമായ ഈ ലോകത്ത് ഇനിയും പലനാളും തമ്മിൽ കാണാനിടയാകും ;അന്ന് നിങ്ങളുടെ ഉയർച്ചയിൽ മനം നിറഞ്ഞ് സന്തോഷിക്കണം.ഇപ്പോൾ സങ്കടം പെയ്യുന്ന കണ്ണിൽആനന്ദാശ്രു പൊഴിയണം.

ചിറകു മുളച്ച പക്ഷിക്കുഞ്ഞുങ്ങൾക്ക് കൂടുവിട്ട് പറന്നേ തീരു ;എങ്കിലും നിങ്ങളെ പോറ്റി മതിയായില്ല, ചിറകിന്നടിയിലൊളിപ്പിച്ച കൊതി തീർന്നില്ല ,ഈ അമ്മക്കിളിക്ക് . കവി പാടിയതുപോലെ,

"ഓർമ്മകൾക്കെന്തുസുഗന്ധം

എന്നാത്മാവിൻ നഷ്ട സുഗന്ധം" രാജി



# ഡിങ്കോൾഫി

പുറത്ത്, ആരോടോ പക തീർക്കാനെന്നപോലെ മഴപെയ്യുന്നു. സ്ട്രീറ്റ് ലൈറ്റിന്റെ അരണ്ടപ്രകാശം, ജനൽചില്ലയിലൂടെ ബഡ്റൂമിലേയ്ക്കരിച്ചുകയറി എനിക്ക്ഉറക്കംവന്നില്ല.എന്തോ ഒരു അസ്വസ്ഥത; തിരിഞ്ഞും മറിഞ്ഞും കിടന്നു.ചലചിത്രത്തിലെന്നപോലെ ,മനസ്സിലൂടെ പല സംഭവങ്ങളും കടന്നുപോയി.സീലിങ്ങ് ഫാനിന്റെ കര കര ശബ്ദം, കുട്ടികളുടെ ഏങ്ങലടിയെ ഓർമ്മിപ്പിക്കുന്നു. മഴ വീണ്ടും കനക്കുകയാണ്.ഓ..ഇനി നിദ്രാദേവി കടാക്ഷിക്കുമെന്നു തോന്നുന്നില്ല.വെറുതെ കിടന്നപ്പോൾ ചിന്തകൾക്ക് ചിറകുമുളച്ചുതുടങ്ങി......!

പത്താം തരത്തിലെ അടിസ്ഥാന പാഠാവലിയിലെ കൊച്ചുചക്കരച്ചി എന്ന പാഠഭാഗം വായിച്ചപ്പോൾ" ഓമനയെ "ഓർത്തുപോയി", 'എം ടി' "നിന്റെ ഓർമ്മയ്ക്ക് " എന്ന കഥയുടെ തുടക്കത്തിൽ പറയുന്ന പോലെ തെറ്റിദ്ധരിക്കാതിരിക്കൻ ആദ്യമേ പറയട്ടെ; 'ഓമന'എന്റെ കാമുകിയോ,ബന്ധുവോ അല്ല,എന്റെ ഒരു അയൽക്കാരി , അത്രമാത്രം,നിങ്ങൾ വിചാരിക്കും, എന്തേ, ഇപ്പോൾ അവളെ ഓർക്കാൻ; അത് അങ്ങനെയാണ് ചില കാര്യങ്ങൾ "ഈ മുഖം ഓർമ്മയുണ്ടോ" എന്നു ചോദിച്ച് ഉള്ളറയിൽ നിന്ന് പൊന്തി വരും.....!ഒന്നും ഉണ്ടായിട്ടല്ല; എന്നാലും...!മഴയുടെ ശക്തി അല്പം കുറഞ്ഞു ,ഓർമ്മകളുടെ പശ്ചാത്തല സംഗീതം പോലെ ......

നാട്ടിൻപുറത്ത് ജനിച്ചുവളർന്ന കുട്ടികൾക്ക്; കുട്ടിക്കാലം ഓർമ്മകളുടെ നിലവറയാണ്. സ്വയമല്ലാതെ, ഒരു 'കോടതിക്കും 'അത് തുറക്കാൻ കഴിയില്ല.അത്തരം ഒന്നു രണ്ടു നിലവറയുടെ, അഹങ്കാരമില്ലാത്ത 'മുതലാളി'യുമാണ് ഞാൻ ഒരു നിലവറയുടെ താക്കോൽ ദ്വാരത്തിലൂടെ നോക്കി ഓർമ്മയുടെ ഒരു തുവൽ പൊടിതട്ടിയെടുക്കട്ടെ........!മഴ വീണ്ടും കനക്കുകയാണ്; ഫാനിന്റെ കാറ്റും ;തണുപ്പ് കൂടിവരുന്നു......

ഓമനയെ നിങ്ങൾക്ക് പരിചയപ്പെടുത്താം; എന്റെ വീടിന്റെ കിഴക്ക്-തെക്കേമൂലയിൽ താമസിക്കുന്ന, നാരായണന്റേയുംസാവിത്രിയുടേയും,മൂത്തമകളാണ്,എന്റെകഥാപാത്രം..ഞങ്ങൾസമപ്രായക്കാരുമാണ്,ഞങ്ങളുടെ വീട്ടിലെ പുറംപണികളൊക്കെ ചെയ്തിരുന്നത്, നാരായണനും സാവിത്രിയുമായിരുന്നു.അവർക്കുപിന്നാലെ; എപ്പോഴും കരഞ്ഞും, മൂക്കുട്ടയൊലിപ്പിച്ചും ,ഓമനയും കൂടെയുണ്ടാവും. എനിക്കെന്തോ, കുട്ടിക്കാലംമുതലേ അതിനെക്കാണുന്നത് ചതുർത്ഥിയാണ്; വൃത്തിയും,മെനയും അയൽപക്കത്തുകൂടിപ്പോലും പോയിട്ടില്ല.ചപ്രം ചിപ്രമായി കിടക്കുന്ന തലമുടിയും,പീളകെട്ടിയ കണ്ണുകളും,സദാസമയവും മൂക്കുട്ട ഒഴുകിവരുന്ന മൂക്കും, ഇതിനും പുറമേ മേലു മുഴുവൻ ചെളിയും ചൊറിയും; ഓമനയോടുള്ള എന്റെ വെറുപ്പിന് ആക്കം കൂട്ടി .'അതുക്കും മേലെ' നാവിന്റെ അറ്റം കൊണ്ട് മേൽചുണ്ടിനുമുകളിൽ ,അവളുടെ ഒരു പരതലുണ്ട് ;ഓ ..അതാണ് സഹിക്കാൻ പറ്റാത്തത്. ഇപ്പോൾ എന്റെ ഓമനയുടെ, ഏകദേശരൂപം കിട്ടിക്കാണുമല്ലോ ? എന്തിനാ, ഇത്ര വിവരിച്ചതെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടാവാം! ക്ഷമിക്കു ; വഴിയെ പറയാം. മഴ ഒട്ടു ശമിച്ചു ,എന്നു തോന്നുന്നു .കാറ്റ് ശക്തിയായി വീശുന്നുണ്ട് ;പുതപ്പുകൊണ്ട് തലവഴിമൂടി ചരിഞ്ഞു കിടന്ന് ഓർമ്മകളിലേയ്ക്ക് ഊളിയിട്ടു.. !

പോയകാലത്തിന്റെ മധുരസ്മരണകൾ അയവിറക്കുമ്പോൾ; ആദ്യം ഓർമയിലെത്തുന്നത് മാമ്പഴക്കാലമാണ്. നാട്ടിൻപുറത്തെ കുട്ടികളെ സംബന്ധിച്ചിടത്തോളം സുവർണ്ണകാലമാണ്. മാവുകളിലെല്ലാം തേൻകനികൾ നിറയും,

കുട്ടികൾക്ക് അവധിക്കാലം കൂടിയാണ് ;ഇക്കാലത്ത് നാട്ടിൻപുറത്തെ കുട്ടികളെല്ലാം ഏതെങ്കിലും മാവിന്റെ ചുവട്ടിൽ കൂട്ടം,അന്ന് മാവിന്റെ ഉടമസ്ഥത പ്രശ്നമായിരുന്നില്ല,ആർക്കും എവിടേയും ചെന്ന്,മാങ്ങപെറുക്കാം. മാവുകളെല്ലാം നാട്ടുകാരുടേതായ നാളുകൾ;ശരിയായ സോഷ്യലിസത്തിന്റെ കാലം..മാവുകൾ ആരുടേതായാലും മാങ്ങകൾ എല്ലാവരുടേയും ആയിരുന്നു. മഴ വീണ്ടും ശക്തിപ്രാപിച്ചുതുടങ്ങി ; മുറ്റത്തെ തെങ്ങിന്റെ ഓല ആർത്തലച്ച് വീഴുന്ന ശബ്ദം; ഞാൻ വീണ്ടും തിരിഞ്ഞു കിടന്നു.

കുട്ടികൾ അവധിക്കാലം മാഞ്ചുവട്ടിൽ അടിച്ചുപൊളിക്കും .ചെരുപ്പ് വണ്ടികളും,വളയവണ്ടികളും, പാളവണ്ടികളും, മാഞ്ചുവട്ടിൽ, വേലിക്കൽ പാർക്കുചെയ്തിരുന്നു. കുട്ടീംകോലും.തലപ്പന്തും,ഗോട്ടിയും,കള്ളനും പോലീസും ഒളിച്ചുകളിയും..ഇങ്ങനെയൊക്കെ കളിയും ചിരിയുമായി മാവിന് കാവലാണ്. ഇടയ്ക്ക് മാങ്ങവീഴുമ്പോൾ എല്ലാം മറന്നുള്ള ഓട്ടവും;അനുഭവിക്കേണ്ടതുതന്നെ. മാവിൻ മുകളിൽ കാക്കയോ, അണ്ണാനോ വരുമ്പോൾ എല്ലാവരും കളിനിർത്തി കൊതിയോടെ വായും പൊളിച്ച് മുകളിലേയ്ക്ക് നോക്കി നിൽക്കും "അണ്ണാരക്കണ്ണാ വാ വാ ചക്കര മാമ്പഴം താ താ" എന്ന പാട്ടും കേൾക്കാം .കുംഭംമീനമാസത്തെ ചൂടുകാറ്റ്, തെങ്ങോല തലപ്പുകളെ തഴുകി വന്ന് മാങ്കൊമ്പ് ഉലയ്ക്കുമ്പോൾ ,ഉതിരുന്ന മാമ്പഴം പെറുക്കാനൊരോട്ടമുണ്ട്; അത്തരമൊരോട്ടം വരുത്തിയ വിനയാണ് ഞാൻ നിങ്ങളോട് പറയാൻ പോകുന്നത് .മഴയുടെ ശക്തി കുറഞ്ഞുതുടങ്ങിയിരിക്കുന്നു ;നേരിയ തേങ്ങൽ മാത്രം.

അന്ന് ഞങ്ങൾ ഒത്തുകൂടിയത് ഭാഗീരഥിയമ്മസാറിന്റെ ചക്കരമാഞ്ചോട്ടിലാണ് ആൺകുട്ടികൾ കുട്ടിയുംകോലുംകളിയിലും, പെൺകുട്ടികൾപതിവുപോലെ ഞൊണ്ടിക്കളിയിലും വ്യാപൃതരായി;അപ്പോഴാണ് അതു സംഭവിച്ചത്! കിഴക്കുവശത്തെ തെങ്ങിൻതടത്തിൽ ഒരു മാങ്ങവീണു; എന്റെ അടുത്തായതിനാൽ സ്വാഭാവികമായും ഞാൻ ഓടി ,മറുവശത്തുനിന്നും ഓമനയും ;മാങ്ങ കിട്ടിയത് ഓമനക്കാണ് , വെറും കൈയ്യോടെ മടങ്ങാൻ എന്റെ അഭിമാനം അനുവദിച്ചുമില്ല. ഞാൻ ഓമനയുടെ കൈയിലെ മാങ്ങയിൽ പിടുത്തമിട്ടു; അവൾ വീണു ,ഞാനും എന്നിട്ടും;രണ്ടുപേരും മാങ്ങയിലുള്ള പിടിവിട്ടില്ല .കുട്ടികൾ കൂക്കും വിളിയുമായി ; ഞാൻ എന്തു ചെയ്യണമെന്നറിയാതെ കുഴങ്ങി,എങ്കിലും മാങ്ങയിലുള്ള പിടിവിട്ടതുമില്ല. ആ സമയത്താണ് കഷ്ടകാലത്തിന് തെക്കേതിലെ കാർത്ത്യായനിയുടെ മകൻ അശോകൻ അതുവഴി വന്നത്, അയാൾ ഞങ്ങളെ കണ്ട് കളിയാക്കി ചോദിച്ചു "എന്താ തെങ്ങും തടത്തിൽ രണ്ടാളും കൂടി ഒരു ഡിങ്കോൾഫി" കുട്ടികളുടെ കൂക്കുവിളിയും, ഒച്ചയും കൂടി ഞാനാകെ വല്ലാതായി;ഓമനയുടെ കൈയിൽ നിന്ന് പിടിവിട്ടു, ആകെ ബഹളമയം ഞാൻ 'വി.ടി' പറയുമ്പോലെ ലജ്ജകൊണ്ടില്ലാതായി ,കൂക്കുവിളിയുടെയിടയിലൂടെ വീട്ടിലേയ്ക്ക് ഊളിയിട്ടു . ആകെ നാണക്കേടായി, രണ്ടു മൂന്നു ദിവസത്തേയ്ക്ക് പുറത്തേയ്ക്ക് ഇറങ്ങിയില്ല വീട്ടിൽ കുത്തിയിരിക്കുമ്പോഴും എന്റെ ചിന്ത മറ്റൊന്നായിരുന്നു ,എന്താണ് അശോകൻ പറഞ്ഞ "ഡിങ്കോൾഫി "എനിക്കൊന്നും മനസിലായില്ല അന്നും ഇന്നും; പക്ഷേ പിന്നീട് കൂട്ടുകാരുടെ ഇടയിൽ ഞാൻ "ഓമനയായി" ഇതൊരു വേദനയായി കുറെക്കാലം നിന്നു .വർഷങ്ങളോളം ഞാൻ ഓമനയോട് മിണ്ടിയില്ല.കാലം കടന്നുപോയി, ഓമന വളർന്നു വലുതായി അമ്മയായി ഇപ്പോൾ, അടുത്തകാലത്ത് അമ്മൂമ്മയുമായെന്നു കേട്ടു. മഴ അവസാനിച്ചു എന്നു തോന്നുന്നു; ടെറസ്സിൽ നിന്നു വീഴുന്ന വെള്ളത്തിന്റെ ശബ്ദം മാത്രം...

കാലത്തിന്റെ കുത്തൊഴുക്കിൽ ചിലപ്പോൾ എന്തോക്കെയോ നഷ്ടപ്പെട്ടു എന്നു തോന്നാറുണ്ട് ; ഇന്നത്തെ കുട്ടികൾക്ക് അന്യമായ മാഞ്ചോട്ടുകൾ കാണുമ്പോൾ "ഒരു വട്ടം കൂടിയെന്നോർമ്മകൾ മേവുന്ന.”..വരികളെഴുതിയ 'കവി'യെ അനുസ്മരിച്ചുപോകുന്നു ടി വി യിലും കമ്പ്യൂട്ടറിലും, മൊബൈൽ ഫോണിലും നല്ല കാലം തളക്കപ്പെട്ട ,ഫെയ്സ്ബുക്കിലും വാട്ട്സാപ്പിലും മതിമറക്കുന്ന,കളിയും ചിരിയും നിറഞ്ഞ ബാല്യമില്ലാതെ, യൗവ്വനത്തിലെത്തിയ ഇന്നത്തെ തലമുറയുടെ തലവിധിയെ പഴിച്ചുകൊണ്ടും,എന്റെ കുട്ടിക്കാലത്ത് എനിയ്ക്ക് വീണുകിട്ടിയ സൗഭാഗ്യങ്ങളെ,അയവിറക്കിക്കൊണ്ടും ഇത് എന്റെ 'ഓമന'യ്ക്കായി 'ഡെഡിക്കേറ്റ്'ചെയ്യുന്നു.പക്ഷേ 'ഡിങ്കോൾഫി'യുടെ ഉപജ്ഞാതാവായ അശോകൻ എവിടെയാണാവോ? കാലയവനികയ്ക്കുള്ളിൽ മറഞ്ഞു നിന്ന് ഒളിഞ്ഞുനോക്കി ചിരിക്കുന്നുണ്ടാവാം! മഴ വീണ്ടും തുടങ്ങി ...ശക്തി കൂടിവരികയാണെന്നു തോന്നുന്നു......തണുപ്പും കൂടി, പുതപ്പ് വലിച്ചിട്ടു നിദ്രാദേവിയുടെ അനുഗ്രഹത്തിന് കൺപോളകളടച്ചു കിടന്നു..............

ശ്രീകുമാർമാസ്റ്റർ



കവിത

# കാക്കയുടെ ഡയറി

ഓണമുണ്ണാൻ വന്ന ഞാൻ കാ....കാ....
കിട്ടിയതോ നെയ്യപ്പം കാ...കാ....
ഹൊ...ഈ ദിനം "ദുർദിനം"ഓർക്കാനെ വയ്യ!
ഛെ!! എൻ പാട്ടാണിതിന് കാരണം.
എന്റെ പാട്ടെനിക്കിന്ന് നാണക്കേടായി.
പാട്ടുവില്ലിനി ഞാൻ ആർക്കുംവേണ്ടി
അറിയുന്ന ഞാനിന്ന്. "ജമ്പുക മോഹം",
സ്നേഹത്തെ ഹനിച്ചൊരാ വ്യാമോഹം;
എങ്ങിനെ?ഇനി ഞാൻ മൃഗങ്ങൾക്കിടയിൽ
തലപ്പൊക്കി നേരേ നടക്കും??
വേച്ച വേച്ച നടന്ന ഞാൻ-ഒരിറ്റ്
ദാഹ ജലത്തിനായ് "കാത്തിരുന്ന ഞാൻ...."

റിയ ക്രിസ്റ്റീന
9 C



ചെറുകഥ

# മരണം സുഹൃത്താണ്

നശിച്ചുപോയ ആ പുഴക്കരയിൽ കാറ്റിനെത്തേടി അവൻ ഇരിക്കുകയാണ്. അവനും ആ പുഴയും ഒരുപോലെയായിരിക്കുന്നു,ആരുമില്ലാത്തവർ. അഞ്ചു വർഷങ്ങൾക്കുമുമ്പ് ഈ പുഴയിൽത്തന്നെ മുങ്ങിമരിച്ച ചിലരിൽ മൂന്നുപേർ അവന്റെ ബന്ധുക്കളായിരുന്നു. തന്റെ അച്ഛനും അമ്മയും ജ്യേഷ്ഠനും. ക്രുദ്ധയായ പുഴ അവനെ മാത്രം കരയിൽ നിർത്തി മറ്റുള്ളവരെ വലിച്ചു കൊണ്ടുപോയി. എങ്ങോട്ടെന്നില്ലാതെ അന്നവന്റെ കൺമുന്നിൽ നിന്നും മറഞ്ഞ ആ മുഖങ്ങൾ ഇന്നവനോർക്കാൻ ശ്രമിക്കുന്നില്ല. ചില കാര്യങ്ങൾ എത്ര മറക്കാൻ ശ്രമിച്ചാലും,അതിനാവില്ലല്ലോ. മനുഷ്യ മനസ്സേ നിനക്ക് സ്തുതി !! ഇന്നല്ലെങ്കിൽ നാളെ നിനക്ക് നിന്റെ ബാല്യത്തിലേക്ക് എത്താൻ കഴിയട്ടെ. ഓരോന്നോർത്ത് നേരം വൈകി. ഒന്നിനും വയ്യാതായിരിക്കുന്നു. ശപിക്കപ്പെട്ട നിമിഷങ്ങൾ ! അവൻ പിറുപിറുത്തു. ഒരു കാലത്ത് ആ നാടിന്റെ വലിയ സമ്പത്തായ ഈ പുഴ ഇന്നൊരു മരണപ്പുഴയാണ്. രണ്ട് വർഷങ്ങൾക്ക് മുമ്പ് കുറച്ചുകലെയായി തുടങ്ങിയ ശീതള പാനീയ കമ്പനിയുടെ മലിനവാഹിനിയായി പുഴ മാറുകയായിരുന്നോ? തന്നെ രസിപ്പിച്ചും കളിപ്പിച്ചും കൂടയുണ്ടായിരുന്ന എല്ലാ കൂട്ടുകാരും അവൾ കാരണം തന്നെ ചത്തൊടുങ്ങി. ആത്മഹത്യക്കൊരുങ്ങുന്ന ഏതൊരാളും ഇന്ന് തിരഞ്ഞെടുക്കുന്ന ഒരു മാർഗമാണ് ഈ പുഴ.

പുഴക്കരയിലെ എല്ലാ ആളുകളും ഇന്ന് വലിയ മാറാരോഗത്തിന് ഇരകളാണ്. പുഴയൊഴുകും വഴിയേ പോകുന്നത് ഒരായിരം ആത്മാക്കൾ.... പ്രിയതോഴീ ; എവിടെ നിന്നു കിട്ടി നിനക്കീ കൊടും ക്രൂരതയുടെ




കറുത്ത നിഴലുകൾ !! നിന്റെ മടിത്തട്ടിൽ നിത്യശാന്തിതേടിയെത്തുന്ന ആത്മാക്കൾക്ക് നീയൊന്നും കരുതിയില്ലേ? ശാപവാക്കുകൾപേറി വഴിനീളേ പോകുമ്പോൾ ഒന്ന് തിരിഞ്ഞ് നോക്കാൻ മടികാണിക്കുന്നതെന്തിന്? ശാപമോക്ഷം നിനക്കും വേണ്ടേ?.....

എന്നിലെ എന്നെത്തേടി ഞാൻ ഈ പുഴക്കരയിൽ എത്തുമ്പോൾ നിനക്ക് നൽകുവാൻ എന്റെ കയ്യിൽ ഒന്നും ഇന്ന് അവശേഷിക്കുന്നില്ലല്ലോ... ഹാ കഷ്ടം! എന്റെയീയവസ്ഥ മരണം ഒരുനാൾ എന്നരികെ എത്തുമെന്നുറപ്പാണ്. ഇന്ന് പുഴക്കരയിലെ കാറ്റിനെത്തേടിയിരിക്കുന്ന ആ ചെറുപ്പക്കാരൻ മരണം കാത്ത് കഴിയുന്ന ഒരു രോഗിയാണ്. ഒരുപക്ഷേ, ഇതവന്റെ അവസാനത്തെ ദിനമാകാം. തന്നെ ഇങ്ങനെയാക്കിയ പുഴയോട് നന്ദി പറഞ്ഞ് കണ്ട് അവൻ മരണം കാത്തിരിക്കുന്നു. ഈ പുഴയാണ് അവനെ തന്റെ ബന്ധുക്കളുടെയരികിലേക്ക് പറഞ്ഞയക്കുന്നത്. അവനോടൊപ്പം ആ പുഴയും ഉണ്ടാകാം. അതിന്നൊരു നീർച്ചാൽ മാത്രമാണ്. ഇനിയവളുടെ അന്ത്യ നാളുകളാണ്. മറ്റു മരിച്ചുപോയ പുഴകളുടെ അ[illegible]ക്ക് അവളും പോകാൻ കൊതിക്കുന്നു. മരണം സുഹൃത്തായി എന്നരികിൽ നിൽക്കുമ്പോൾ,ഈ പുഴ[illegible]ക്കിനി നാണം കാണിക്കുന്നു. അരുതേ,നീ പോകുമ്പോൾ എല്ലാം കൊണ്ട് പോകരുതേ,എങ്കി[illegible]വൾ തന്റെ മരണത്തെ സുഹൃത്താക്കിയിരിക്കുന്നു. അവർക്കിനി കൂടിപ്പോയാൽ ഒരു സൂര്യാസ്തമയം കൂടി.......

അജിത്ത് രവീന്ദ്രൻ

# ഉണ്ണി

തണുത്ത രാത്രിയിൽ ഒരു കടത്തിമ്ണയിൽ
വെട്ടിവിറയ്ക്കുമൊരുമ്മിയെ കമ്ട്ടു ഞാൻ
അച്ഛനില്ലമ്മയില്ലാരും കൂട്ടില്ല
നെഞ്ചുപിടഞ്ഞു ഞാനൊന്നു നോക്കീ,,,
എന്തു ചെയ്യുനെന്നോർത്ത് കരഞ്ഞു ഞാൻ
പാവമാ പൊന്നുണ്ണിക്കാരുമില്ലേ?
എത്ര വലിയവർ ആ വഴി പോകുന്നു
ആരുമെന്തേ അവനെ കണ്ടതില്ലേ?
എന്റെയാ കമ്പിലിക്കുഷാ.മൂരി ഞാൻ
ഉമ്ണിക്കടുത്തു ചെന്നു വേഗം
അപ്പോളവന്റെ കമ്കൽ നിറഞ്ഞതും
ഓർക്കുവാൻ പോലു എനിക്കു വയ്യാ...



# നിന്നോർമ്മ

ഇവിടെ നിന്നകലുവാനായിവിടെയ്ക്കു
വന്നൊരാ നിമിഷം
ഇവിടമെല്ലാമായ് പിന്നെയുമോർമ്മയിൽ
ചേർന്നു നിന്നിടുന്ന സൗഹൃദം
കാലത്തെയതിജീവിച്ചു പിന്നെയും നിന്നോർമ്മ
പുലരിയിൽ പുഞ്ചിരിക്കേണമെന്നു
നാവാമുകുന്ദന്റെ മണ്ണിൽ
നിളതാൻ തലോടലിൽ
ഓർമ്മകൾ പിന്നെയും
ചേർന്നു നിന്നിടുമ്പോൾ
വിടവാങ്ങുമി
നിമിഷമന്നാദ്യമായി
മണ്ണിൽ പതിഞ്ഞ ഓർമ്മയിൽ
മിഴിനീരു പെയ്തിറങ്ങീടുന്നു...........


അർച്ചന എം
10 c




കവിത

# നഷ്ടം

വഴിയോരങ്ങളിൽ
വീട്ടുവരാന്തകളിൽ
ആതുരാലയങ്ങളിൽ
കണ്ണീരുണ്ടുതിരയുന്നു നിന്നെ
എവിടേയ്ക്കകുന്നു നീ?

ഒരു മിന്നലിൽ
പ്രളയകാഹളങ്ങളിൽ
പുനഃസമാഗമഭേരി മുഴക്കവേ-
നിമിഷസ്വപ്നമായി നിലാതോണിയിൽ
എവിടേക്കു തുഴഞ്ഞു നീങ്ങി നീ?

നിന്റെ മുഖംമൂടിയണിഞ്ഞ്
കോമരങ്ങൾ തകർത്താടവേ
കാലം നിന്നെ തിരയാനായി
വലകൾ നെയ്യവേ! നീയോ
എവിടേയ്ക്കുമില്ലാതെ മങ്ങിമറയുകയോ?

അംബിക.ടീച്ചർ



# നാടൻപാട്ട്

താഴ്ത്തി കൊയ്യെടി താളത്തിൽ കൊയ്യെടി
താഴെ നിൽക്കുന്ന പെണ്ണാളെ.
നീട്ടി കൊയ്യെടി നിർത്തത്തിൽ കൊയ്യെടി
നീലത്താമര കണ്ണാളെ.
കണ്ണാടെ എടി പെണ്ണാളെ
നീലത്താമര പെണ്ണാളെ.
തെയ്യകം തിന്തിമി തെയ്യകം താരാ
തെയ്യകം തിന്തിമി തെയ്യകം താരാ
തന്നാനെ താരാ തക തന്നാനം താരാ
തന്നാനെ താരാ തക തന്നാനം താരാ

ഫാസിൽ
9 K



# കുട്ടിയെ പറത്തിയ പട്ടം



കാലങ്ങളായി ഇത്ര കനത്ത കാലവർഷമുണ്ടായിട്ട്.. സ്കൂളുകൾക്കൊക്കെ അവധി പ്രഖ്യാപിച്ചു.

പലതും ദുരിതാശ്വാസ കേന്ദ്രങ്ങളായി..... ഉദ്യോഗസ്ഥദമ്പതിമാർക്ക് സർക്കാരിൻെറ ഈ നടപടിയിൽ തെല്ലൊന്നുമല്ല അമർഷമുള്ളത്. കാരണം അവരുടെ കുട്ടികൾ..... അവരുടെ ആശങ്കകൾക്കും അടിസ്ഥാനമുണ്ട്.....കാരണം ഒന്നേയുള്ളൂ ഒതുങ്ങിം ഇരിക്കില്ല.....ഫോണും തകരാറ്, കറണ്ടും തകരാറ്. പാടവും തോടും കുളവും നികന്നപോൾ പടിഞ്ഞാറോട്ടൊഴുകാൻനിവൃത്തിയില്ലാതെ വെള്ളം നിറഞ്ഞ്,നികന്ന് ഒഴുകുകയാണ് .....

അച്ചുവിന് അപൂർവ്വമായി കിട്ടുന്ന അവസരങ്ങളിൽ ഒന്നായിരുന്നു അത്. അവൻ ആരും കാണാതെ പുറത്തിറങ്ങി. അയൽപക്കത്തെ കുട്ടികൾ പറഞ്ഞു പുറത്തിറങ്ങണ്ട-നനയും,നനഞ്ഞാൽ പനി പിടിക്കും. കാറ്റുകൊണ്ടാൽ ചുമ വരും വെള്ളത്തിൽ ചവിട്ടിയാൽ സൂക്കേടു വരും....അപ്പോൾ മറ്റൊരുവൻ പറഞ്ഞു സാരമില്ലെടാ..നമ്മടെ മാതിരിയല്ലേ....അവനും പൂതിയുണ്ടാവും. അങ്ങനെ അച്ചുവും അവരോടൊപ്പം ചേർന്നു.

പലതരത്തിലുള്ള പട്ടങ്ങൾ അവരുടെ കൈയിലുണ്ടായിരുന്നു. പലനിറത്തിലും പല ചിഹ്നത്തിലും ഉള്ളവ.ദൈവത്തിൻെറ ചിത്രമുള്ളവ കുതിച്ചുയരുക എന്ന ഒരൊറ്റ ലക്ഷ്യം മാത്രമേ അവരിലുള്ളൂ....അദൃശ്യമായ ഏതൊക്കെയോ ചരടുകളുടെ നിയന്ത്രണത്തിലല്ലേ അവർ....ദൈവത്തിൻെറ പടമുള്ള ഒരു പട്ടം അച്ചുവിന് കൊടുത്തു....ആദ്യമാദ്യം മറ്റുള്ളവർക്കൊപ്പം നയിക്കാനായില്ലെങ്കിലും ആ പട്ടം  അച്ചുവിനേയും കൊണ്ട് പതുക്കെ പറക്കാൻ തുടങ്ങി...

വാഴത്തടവും ടയർട്യൂബുമായി കുട്ടികൾ നീന്താൻ ഒരുങ്ങി..നീന്താനറിയാത്ത അച്ചുവിനെക്കൂട്ടുകാർ കളിയാക്കി..ഒരുവൻ പറഞ്ഞു. ഇംഗ്ലണ്ടിലോ,പാരിസിലോ ഒക്കെയാണെങ്കിൽ അവൻ രക്ഷപെട്ടേനെ. കാരണം അവൻ പഠിക്കുന്നത് അവിടുത്തെ ഭൂമിശാസ്ത്രമാ...അപ്പോൾ മറ്റൊരുവൻ ഇങ്ങനെ പറഞ്ഞു അതിന് ഓനെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല....,നിത്യജീവിതത്തിലെ പരിസ്ഥിതിയെക്കുറിച്ച് പഠിക്കുന്ന പാഠമല്ലല്ലോ അവന്റേത്... ഓൻ പട്ടം പറപ്പിക്കട്ടെ, നമുക്ക് നീന്താം.

നിയന്ത്രണങ്ങൾവിട്ട് നീങ്ങുന്ന അച്ചുവിനെ പട്ടം ദൂരേയ്ക്ക് പറത്തിക്കൊണ്ടിരുന്നു.അവന്റെ പട്ടം അവന്റെ ഉത്സാഹം പോലെ ഉയർന്നുപോയി...അത് ആകാശത്ത് ചുറ്റിക്കറങ്ങുന്ന ഒരു കറുത്ത പശുവിന്റെയടുത്തേയ്ക്ക് ചെന്നു.....കുട്ടിയെകാണാതെ ആ പശു ഉറക്കെ അമറി... ആ പശുവിന്റെ പല്ലിൽ നിന്നാണോ ഒരു പ്രകാശം താഴേയ്ക്കു വരെ നീണ്ടു. കുട്ടികളെല്ലാം ഓടി വീടു പറ്റി. അപ്പോഴും അച്ചുവിന്റെ പട്ടം പറന്നുകൊണ്ടിരുന്നു. അത് ആ പശുവിന്റെ അകിടിൽമുട്ടി അമറൽനിർത്തി അത് മതിമറന്ന് പാൽ ചുരത്താൻതുടങ്ങി. ആ പാൽ കുടിച്ചും അതിൽ കുളിച്ചും കളിച്ചും അവൻ നീങ്ങി...എല്ലാം ശാന്തമായപ്പോൾ മറ്റുള്ളവർ അച്ചുവിനെ അന്വേഷിച്ച് നടന്നു...അപ്പോൾ ദൈവത്തിന്റെ പടമുള്ള ചരടു പൊട്ടിയ ഒരു പട്ടം ആ വെള്ളക്കെട്ടിൽ പാറിനടന്നിരുന്നു....

# സൂര്യപുത്രി

ഇനിയൊരു ജന്മം തേടുകയാണവൾ
മൊഴികളിലൂടെ ജനിക്കാൻ
മിഴികൾ ചഞ്ചലതാളം മഴയുടെ
മധുരം മാടിവിളിക്കാൻ

അവളുടെ വാക്കുകളവരുടെ നോവുകൾ
അലതല്ലും മഴമേഘങ്ങൾ
അവളുടെ ചഞ്ചലഭാവം ചലനം
അടിമകളുടെ അടയാളങ്ങൾ

കരയുകയാണവൾ കാർമേഘങ്ങൾ
കനകനിലാവിൻ കാമുകിമാർ
ഇഴയുകയാണവൾ ഉരഗങ്ങൾ
ഉലകിലെ ഉജ്ജ്വല ശബ്ദങ്ങൾ

പുലരികൾ കുങ്കുമസൂര്യൻ പുതുമ-
കളുണരും പുഷ്പവിതാനങ്ങൾ
ഉണരുകയില്ലിനിയെന്നു പറഞ്ഞൊരു-
ടലുകൾ മണ്ണിലെ മാളങ്ങൾ

ഇനിയുമുറങ്ങീടാത്ത നിലാവിലെ
മരതകവണ്ടുകൾ മാണിക്യങ്ങൾ
മലരുകൾ തളിരുകൾ തരളിതരാവുകൾ
മധുനിറയും വനശലഭങ്ങൾ

വാക്കുകൾക്കപ്പുറം തേടുന്ന ജീവിത
കാഴ്ചകൾ താളങ്ങൾ തലമുറകൾ
നീറുന്ന നാകങ്ങൾ നീർനായകൾ
നീരറ്റുപോയ ജലാശയങ്ങൾ

ഇതുവരെ നാമറിയാത്ത ദിനങ്ങൾ
മരണ മനോഹരി മേദിനികൾ
ഹിമപർവങ്ങൾ ഹൈമവതത്തിലെ
മരുഭൂമികളുടെ താഴ്വരകൾ

ഉയരങ്ങളിൽ നിന്നലറുകയാണവൾ
അറിവുകൾ മണ്ണിൽ വിതറാൻ
കരളുകൾ പാതി മിടിക്കും കാഴ്ചകൾ
കുളിരുകൾ മർത്യനു നൽകാൻ

ചൂടുള്ള ചുമരെഴുത്തോരോ കിനാവിനും
താളം തകർക്കുന്ന തടയണകൾ
വാളുകൾ വാക്കുകൾ തോക്കുകൾ തീക്കനൽ
തോക്കേന്തി നിൽക്കുന്ന താരകങ്ങൾ

മറയുന്ന മന്ത്രങ്ങൾ പൊളിയുന്ന തന്ത്രങ്ങൾ
വഴികളിൽ തകരുന്ന പകപോക്കുകൾ
ചില്ലുചിലയ്ക്കുന്ന ചെന്നായകൾ
ഇന്നലെ കണ്ട മഹാമാലകൾ

മൺവിളക്കേന്തുന്ന കുരകൾ കല്ലുകൾ
മണ്ണിലെ നന്മയുടെ നാഴികക്കല്ലുകൾ

കാലത്തിനൊപ്പം കരയുന്ന ദീപങ്ങൾ
മാനവനാടിന്റെ മുഖമുദ്രകൾ

നന്മകൾ തിന്മകൾ നാളെയുടെ ലഹരികൾ
നേരുള്ള കാഴ്ച്ചയുടെ നേർവഴികൾ
ഭ്രമി കിനാവിന്റെ രോഗി,കുലം പോയ
സാക്ഷി,വിതുമ്പുന്ന സൂര്യപുത്രി

പ്രതീക് മലോൽ
S2 A

# ഭാര്യാവ്

പരസ്യം കണ്ട് കുക്കറൊന്നു വാങ്ങി

ഇടതു ചായ്‌വ് !കുശിനിക്കാരനായി,

അലക്കാം ഉണക്കാം സമയവും ലാഭം

മെഷീനിന്റെ വരവോടെ അലക്കും തലയിലായി

അരയ്ക്കും പൊടിയ്ക്കും മിക്സിയുമെത്തി,

പൊടിതട്ടാൻയന്ത്രവുമായി,ആണുങ്ങൾ മാറാല തട്ടിയാൽ

പിന്നെ വരില്ലത്രേ പഴമൊഴി

സ്ത്രീസമത്വം ചർച്ചകണ്ടിരുന്ന ,നല്ല പാതി പാളി നോക്കി

വിളക്കിലേക്ക് മടങ്ങാനാവാതെ, ഭൂതം അടുത്ത പണി ?

ഭാര്യാവിലേയ്ക്കുള്ള മാറ്റം ,സമാധാനം പിൻ സുരക്ഷിതം

ശ്രീകുമാർ



## 2017-18 അധ്യയനവർഷത്തിൽ മാതൃഭൂമി സീഡ് ക്ലബ്ബ് നാവാമുകുന്ദ ഹയർസെക്കണ്ടറി സ്കൂൾ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വിവിധ പ്രവർത്തന പരിപാടികൾ താഴെ കൊടുക്കുന്നു.

**<u>ജൂൺ</u>** :-

"പരിസ്ഥിതി ദിനാചരണം"- പരിസ്ഥിതി സെമിനാർ - നയിച്ചത് -

**ശ്രീ.ശശിധരൻ തേഞ്ഞിപ്പലം** ( 'കേരള ശാസ്ത്ര സാഹിത്യ പരിഷത്' )

-കുട്ടികളുടെ ക്വിസ്,പോസ്റ്റർ രചന, പരിസ്ഥിതി ഗാനാലാപനം,

കാവ്യാലാപനം,

ഉപന്യാസരചന.

" ബോധവൽക്കരണ ക്ലാസ് "- നയിച്ചത് - **ശ്രീ.പി.പത്മനാഭൻ**

( പ്രകൃതിനിരീക്ഷകൻ, പരിസ്ഥിതി ഫോട്ടോഗ്രാഫർ ),

വൃക്ഷത്തൈനടീൽ (പൊതുപ്രവർത്തകരെ ഉൾപ്പെടുത്തി)










**<u>ജൂലൈ</u> :-**

ആരംഭിച്ച വിവിധ പദ്ധതികൾ:-

1) “ ഓർമ്മമരം" - ഓരോ ക്ലാസിനും (5 മുതൽ +2 വരെ) ഒരു മരം നടീലും പരിപാലനവും.
2) “നന്മമരം" - ഔഷധോധ്യാനം.
3) “തണലിടങ്ങൾ" - വിദ്യാലയ പാതയിലെ തണൽമരങ്ങൾ-തൈ നടീൽ.
4) നക്ഷത്രവനം -ക്യാമ്പസിൽ  നക്ഷത്ര വനം സൃഷ്ടിക്കൽ.
5) ശലഭോദ്യാനം -മുറ്റത്തൊരു   ശലഭോദ്യാനം.
6) BIRDS CLUB INTERNATIONAL-ന്റെ " ചെറുവനം "
7) ജൈവവൈവിധ്യ ഉദ്യാനം.























## ആഗസ്റ്റ് :-

ജൈവകൃഷി -ഓണത്തിന് ഒരുമുറം പയർ എന്ന ആശയത്തിൽ പയർകൃഷി.







## സെപ്റ്റംബർ:-

ഓസോൺ ദിനാചരണത്തോടനുബന്ധിച്ചുള്ള ചിത്രരചനാ മത്സരം .

BIRDS CLUB -ന്റെ ആഭിമുഖ്യത്തിൽ  മലമുഴക്കി വേഴാമ്പലിന്റെ ചിത്രരചനാ മത്സരം.







## ഒക്ടോബർ :-

നിളാനദിയുടെ മലിനീകരണത്തെ സംബന്ധിച്ചുള്ള പഠനം.

**<u>നവംബർ</u> :-**

മാലിന്യ നിർമ്മാർജനം -അടുക്കളയിൽ നിന്നുള്ള ജൈവ മാലിന്യങ്ങൾ ശേഖരിച്ച് ജൈവ കമ്പോസ്റ്റാക്കി മാറ്റാനുള്ള നിർമ്മാർജ്ജന യൂണിറ്റ് സ്ഥാപിച്ചു.



**<u>ഡിസംബർ</u> :-**

പശ്ചിമ ഘട്ട പക്ഷാചരണം - ബോധവൽക്കരണ ക്ലാസ് നയിച്ചത് -ഷാഫി കുറ്റിപ്പുറം ( Friends Of Nature -കോർഡിനേറ്റർ )

മണ്ണ് ദിനാചരണം- സമൂഹചിത്രരചന -പരിസ്ഥിതിബോധവൽക്കരണക്ലാസ് ( Friends Of Nature )









**<u>ജനുവരി</u> :-**

ജൈവപച്ചക്കറികൃഷി-ജലസേചനത്തിനായി 'തിരിനന' യൂണിറ്റ് സ്ഥാപിക്കൽ- നെൽകൃഷിരീതി പരിചയപ്പെടൽ- താമരക്കായൽ നിരീക്ഷണം-72-ാം വാർഷികത്തിൽ 72 തൈ വിതരണം. മണ്ണു പരിശോധന-ജൈവ കീടനാശിനി നിർമ്മാണം-ഉപയോഗം.













വിവിധ ഘട്ടങ്ങളിലായി നടപ്പാക്കിയ പദ്ധതികളുടേയും പരിപാടികളുടെയും വിശദമായ റിപ്പോർട്ട് ഇതോടൊപ്പം സമർപ്പിക്കുന്നു.

# എൻ സി സി

നാവാമുകുന്ദ ഹയർ സെക്കൻഡറി സ്കൂളിൽ 29 കേരള ബറ്റാലിയന്റെ ആഭിമുഖ്യത്തിൽ എൻ സി സി യൂണിറ്റ് പ്രവർത്തിച്ചു വരുന്നു .എൻ സി സി ഓഫീസർ കെ പി ശ്രീകുമാറിന്റെ നേതൃത്വത്തിൽ 100 കേഡറ്റുകൾക്ക് പരിശീലനം നൽകി വരുന്നു.ബറ്റാലിയൻ നിർദ്ദേശിക്കുന്ന പ്രോഗ്രാമുകൾക്ക് പുറമേ സോഷ്യൽ സർവീസ് ബോധവൽക്കരണ പരിപാടികൾ വൃദ്ധമന്ദിരസന്ദർശനം സ്വച്ഛ് ഭാരത്, ഗാന്ധിജയന്തി തുടങ്ങിയ ദിനാചരണങ്ങൾ തുടങ്ങിയ പരിപാടികളിൽ എൻ സി സി യൂണിറ്റ് സജീവമായി പങ്കെടുക്കുന്നു.സംസ്ഥാന തലത്തിൽ 46 കേഡറ്റുകളും ദേശീയതലത്തിൽ രണ്ടു കേഡറ്റുകളും വിവിധ ക്യാമ്പുകളിലായി പങ്കെടുത്തു.എൻ സി സിയു ടെ ഈ വർഷത്തെ ചില പ്രവർത്തനങ്ങളിലൂടെ.

## ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനം








# <u>വെസ്റ്റ് ഹിൽ ക്യാമ്പ്</u>






## ഫയറിങ്ങ്





# സ്വാതന്ത്ര്യ ദിനാഘോഷം





## ഗാന്ധി ജയന്തി

## പരിസരശുചീകരണം



## പ്രളയ ദുരിതാശ്വാസ പ്രവർത്തനം





# ബോധവത്ക്കരണ റാലി






# സ്വച്ഛ് ഭാരത്

# (റെയിൽവെസ്റ്റേഷൻ ശുചീകരണം)








# ഫയറിങ് പരിശീലനം





# ക്യാമ്പിലെ വിവിധ പരിപാടികൾ










## ബോധവത്ക്കരണ പരിപാടികൾ

## ഫയർ &സേഫ്റ്റി





## ലഹരി വിരുദ്ധ ബോധവത്ക്കരണം

## ക്രിസ്തുമസ് ആഘോഷം





## സ്നേക്ക് അവേർനസ്



# കലാപരിപാടികൾ













# ക്യാമ്പിൽ നിന്നു മടക്കം






WHYKOL.COM
ഓരോ വീടും
ഓരോ വിദ്യാലയമാണ്
മാതാപിതാക്കൾ
അദ്ധ്യാപകരും..





